# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി4)-132/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 12/05/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി4)-132/2022 തീയ്യതി: 12/05/2022

## എറണാകുളം ജില്ലയിലെ മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കെ.എ.ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 10-01-2022 | 21-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-01-2022 | 21-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.മിനു.പി.കെ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ),
ശ്രീ. പോളി. റ്റി.ഒ., ഓഡിറ്റ് ഓഫീസർ,
ശ്രീ.എം.എസ്.ഗോപകുമാർ, അസി. ഓഡിറ്റ് ഓഫീസർ,
ശ്രീ. സന്തോഷ് കുമാർ.എം. സീനി. ഗ്രേ. ഓഡിറ്റർ,
ശ്രീമതി. വൃന്ദ. സി.എസ്. സീനി. ഗ്രേ. ഓഡിറ്റർ,

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ബിബി സെബി | പ്രസിഡന്റ് | 01-04-2020 | 29-12-2020 |

| | | | |
|---|---|---|---|
| ശ്രീ. സെബി കിടങ്ങേൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.അബ്ദുൾ ജലീൽ | സെക്രട്ടറി | 01-04-2020 | 12-06-2020 |
| ശ്രീമതി. മെഴ്സി.കെ.ഒ. | സെക്രട്ടറി | 12-06-2020 | 03-01-2021 |
| ശ്രീ. ശ്രീകുമാർ സി.പി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-01-2021 | 21-01-2021 |
| ശ്രീമതി. മെഴ്സി.കെ.ഒ. | സെക്രട്ടറി | 22-01-2021 | 13-02-2021 |
| ശ്രീ. ശ്രീകുമാർ സി.പി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-02-2021 | 01-03-2021 |
| ശ്രീമതി മെഴ്സി കെ.ഒ. | സെക്രട്ടറി | 02-03-2021 | 02-03-2021 |
| ശ്രീ ശ്രീകുമാർ സി.പി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സൗമ്യ പോൾ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ, വൈശാഖ്. ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 20-04-2020 |
| ശ്രീമതി. ശ്രീജ ജി. എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 21-04-2020 | 22-06-2020 |
| ശ്രീമതി. നിലീന റാഫേൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 23-06-2020 | 31-03-2021 |
| ശ്രീ.സുനിൽകുമാർ എം.ബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 08-05-2020 |
| ശ്രീ.പ്രശാന്ത് ഇ.എം. | ഡയറി ഫാം ഇൻസ്ട്രക്ടർ | 09-05-2020 | 31-03-2021 |
| ശ്രീമതി. സീന ഉത്തമൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 19-10-2020 |
| ശ്രീമതി. റസിയ. പി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 20-10-2020 | 31-03-2021 |
| ഡോ. ബിന്ദു തോമസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീമതി ലില്ലി.കെ.വി. | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ജയറാണി.പി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 15-06-2020 |
| ശ്രീ. ശ്രീകുമാർ.സി.പി. | അസിസ്റ്റന്റ് സെക്രട്ടറി | 16-06-2020 | 31-03-2021 |
| ഡോ.ഷൈമ സലിം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2020 | 31-03-2021 |
| ശ്രീമതി സ്മിത കെ. ശശീന്ദ്രൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കാടപ്പാറ) | 01-04-2020 | 31-03-2021 |
| ശ്രീ. രാഗേഷ് കെ.ആർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മലയാറ്റൂർ) | 01-04-2020 | 31-03-2021 |
| ശ്രീ. ബേസിൽ പോൾ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.K.Minu (Audit Officer, On 19-01-2022)<br>Last Updated By: Joby George (Computer Assistant, On 07-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപ്പത്രിക<br>Written By: M.S.Gopakumar (Asst. Audit Officer, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 07-03-2022) | 1-2 |
| 3 | വാർഷിക ധനകാര്യപ്പത്രികയിലെ അപാകതകൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 07-03-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: M.S.Gopakumar (Asst. Audit Officer, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 09-05-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: M.S.Gopakumar (Asst. Audit Officer, On 16-01-2022)<br>Last Updated By: Joby George (Computer Assistant, On 07-03-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: M.S.Gopakumar (Asst. Audit Officer, On 16-01-2022)<br>Last Updated By: Joby George (Computer Assistant, On 07-03-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Santhosh Kumar M (Auditor, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 07-03-2022) | 1-6 |
| 8 | തൊഴിലുറപ്പ് പദ്ധതി-അവലോകനം<br>Written By: Santhosh Kumar M (Auditor, On 21-01-2022)<br>Last Updated By: Joby George (Computer Assistant, On 07-03-2022) | 1-6-1 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Santhosh Kumar M (Auditor, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 07-03-2022) | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Vrinda C S (Senior Grade Auditor, On 19-01-2022)<br>Last Updated By: Joby George (Computer Assistant, On 07-03-2022) | 1-8 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P.K.Minu (Audit Officer, On 21-01-2022)<br>Last Updated By: Joby George (Computer Assistant, On 09-05-2022) | 1-9 |
| 12 | ഗ്രാമസഭ<br>Written By: P.K.Minu (Audit Officer, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 09-05-2022) | 1-10 |
| 13 | ആഭ്യന്തര നിയന്ത്രണം<br>Written By: P.K.Minu (Audit Officer, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 07-03-2022) | 1-11 |
| 14 | രസീത് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ<br>Written By: Vrinda C S (Senior Grade Auditor, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 09-05-2022) | 1-12 |
| 15 | തൊഴിൽ നികുതി അപാകതകൾ<br>Written By: Vrinda C S (Senior Grade Auditor, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 07-03-2022) | 1-13 |
| 16 | ലൈസൻസ് ഫീ-അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 21-01-2022)<br>Last Updated By: Joby George (Computer Assistant, On 09-05-2022) | 1-14 |
| 17 | വസ്തു നികുതി പരിഷ്കരണം - സഞ്ചയയിൽ ഡാറ്റാ എൻട്രി പൂർത്തീകരണവുമായി ബന്ധപ്പെട്ട അപാകതകൾ<br>Written By: Vrinda C S (Senior Grade Auditor, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 07-03-2022) | 1-15 |
| 18 | ലൈസൻസെടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി | 1-16 |

| | | |
|---|---|---|
| | ഈടാക്കിയില്ല<br>Written By: Vrinda C S (Senior Grade Auditor, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 09-05-2022) | |
| 19 | ഇ-ടെണ്ടർ ഫോറത്തിന്റെ വില ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല.<br>Written By: Santhosh Kumar M (Auditor, On 18-01-2022)<br>Last Updated By: Joby George (Computer Assistant, On 09-05-2022) | 1-17 |
| 20 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ്<br>Written By: P.K.Minu (Audit Officer, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 08-03-2022) | 1-18 |
| 21 | തൊഴിലുറപ്പ് പദ്ധതി- കരാറുകാരിൽ നിന്ന് ജി എസ് ടി- ടി ഡി എസ് കുറവുചെയ്തില്ല.<br>Written By: Santhosh Kumar M (Auditor, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 09-05-2022) | 1-19 |
| 22 | സാമൂഹ്യ സുരക്ഷിതത്വ പെൻഷൻ-അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 21-01-2022)<br>Last Updated By: Joby George (Computer Assistant, On 09-05-2022) | 1-20 |
| 23 | വിനിയോഗിക്കാതെ അവശേഷിക്കുന്ന തുകകൾ തിരികെ ഈടാക്കേണ്ടതാണ്<br>Written By: P.K.Minu (Audit Officer, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 09-05-2022) | 1-21 |
| 24 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു.<br>Written By: M.S.Gopakumar (Asst. Audit Officer, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 08-03-2022) | 1-22 |
| 25 | നഗരസഞ്ചയ പദ്ധതി - പ്രൊജക്ട് നിർവ്വഹണത്തിലെ കാലതാമസം ഒഴിവാക്കേണ്ടതാണ്.<br>Written By: M.S.Gopakumar (Asst. Audit Officer, On 21-01-2022)<br>Last Updated By: Joby George (Computer Assistant, On 09-05-2022) | 1-23 |
| 26 | പൊതു കാനകൾ വൃത്തിയാക്കൽ- പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 21-01-2022)<br>Last Updated By: Joby George (Computer Assistant, On 09-05-2022) | 1-24 |
| 27 | CFLTC – ബാങ്കിൽ നിന്ന് തുക പിൻവലിച്ചത് വിശദാംശങ്ങൾ ലഭ്യമല്ല<br>Written By: T.O.Polly (Audit Officer, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 09-05-2022) | 1-25 |
| 28 | കൂടിയ തുകയ്ക്ക് വെയിങ്ങ് മെഷീൻ വാങ്ങി<br>Written By: Santhosh Kumar M (Auditor, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 09-05-2022) | 1-26 |
| 29 | മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല.<br>Written By: Santhosh Kumar M (Auditor, On 21-01-2022)<br>Last Updated By: Joby George (Computer Assistant, On 08-03-2022) | 1-27 |
| 30 | ഹെഡ്മാസ്റ്റർ ഗവൺമെന്റ് എൽ പി സ്കൂൾ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 21-01-2022)<br>Last Updated By: Joby George (Computer Assistant, On 08-03-2022) | 1-28 |
| 31 | തൊഴിലുറപ്പ് പദ്ധതി-അധിക നിരക്കിൽ തുക നൽകി<br>Written By: Santhosh Kumar M (Auditor, On 21-01-2022)<br>Last Updated By: Joby George (Computer Assistant, On 08-03-2022) | 1-29 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം<br>Written By: M.S.Gopakumar (Asst. Audit Officer, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 08-03-2022) | 4-1 |

| | | |
|---|---|---|
| 2 | സംയുക്തപ്രൊജക്ടുകളുടെ വിവരം<br>Written By: M.S.Gopakumar (Asst. Audit Officer, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 09-05-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം<br>Written By: M.S.Gopakumar (Asst. Audit Officer, On 20-01-2022)<br>Last Updated By: Joby George (Computer Assistant, On 08-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: M.S.Gopakumar (Asst. Audit Officer, On 21-01-2022)<br>Last Updated By: Joby George (Computer Assistant, On 08-03-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: M.S.Gopakumar (Asst. Audit Officer, On 21-01-2022)<br>Last Updated By: Joby George (Computer Assistant, On 08-03-2022) | 4-5 |
| 6 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: M.S.Gopakumar (Asst. Audit Officer, On 21-01-2022)<br>Last Updated By: Joby George (Computer Assistant, On 08-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: M.S.Gopakumar (Asst. Audit Officer, On 21-01-2022)<br>Last Updated By: Joby George (Computer Assistant, On 08-03-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: M.S.Gopakumar (Asst. Audit Officer, On 21-01-2022)<br>Last Updated By: Joby George (Computer Assistant, On 08-03-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: M.S.Gopakumar (Asst. Audit Officer, On 21-01-2022)<br>Last Updated By: Joby George (Computer Assistant, On 08-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.K.Minu (Audit Officer, On 21-01-2022)<br>Last Updated By: Joby George (Computer Assistant, On 09-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 21-01-2022)<br>Last Updated By: Joby George (Computer Assistant, On 09-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ് ഭരണസമിതിയുടെ 18.03.2020 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ബജറ്റ് പ്രകാരം | | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 4459996.00 | 24881698.00 |
| വരവ് | 263567970.00 | 75001555.00 |
| ആകെ | 268027966.00 | 99883253.00 |
| ചെലവ് | 265078000.00 | 80075631.00 |
| നീക്കിയിരിപ്പ് | 2949996.00 | 19807622.00 |

ബജറ്റ് പ്രകാരമുള്ള കണക്കുകളും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ട്. കോവിഡ് പശ്ചാത്തലം പഞ്ചായത്തിന്റെ വരവ് ചെലവുകളെ ബാധിച്ചു എന്ന വസ്തുത പരിഗണിച്ചാൽത്തന്നെയും ബജറ്റും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളും തമ്മിൽ വലിയ അന്തരമില്ലാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപ്പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 05.08.2021 |

വാർഷിക ധനകാര്യപ്പത്രിക സമയബന്ധിതമായി തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

### 1-2-1 വാർഷിക ധനകാര്യപ്പത്രികയിലെ അപാകതകൾ

മലയാറ്റൂർ-നീലീശ്വരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) സചിത്ര സോഫ്റ്റ് വെയർ പ്രകാരമുള്ള ആസ്തി രജിസ്റ്ററിൽ ആസ്തികളുടെ നവീകരണ ചെലവ് ഉൾപ്പെടുത്തി പരിഷ്കരിച്ചിട്ടില്ല.

2) അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയുടെ കൂടെ ഉള്ളടക്കം ചെയ്തിട്ടില്ല.

3) സഞ്ചയ പ്രകാരമുള്ള കെട്ടിട നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സാംഖ്യ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 24881698 |
| വരവ് | 75001555 |
| ആകെ | 99883253 |
| ചെലവ് | 80075631 |
| നീക്കിയിരിപ്പ് | 19807622 |

| | |
|---|---|
| ചെലവ് നഷ്ടം | ഇല്ല |
| വരവ് നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 16,08488 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 1,56,44,314 | 1,56,44,314 | 1,54,61,645 | 0 | 1,82,669 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 59,76,451 | 59,76,451 | 54,73,968 | 0 | 5,02,483 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 83,000 | 83,000 | 0 | 0 | 83,000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 99,43,000 | 99,43,000 | 99,43,000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 52,20,657 | 52,20,657 | 51,88,395 | 0 | 32,262 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 0 | 10511044 | 10511044 | 65,10,311 | 0 | 40,00,733 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 0 | 5500000 | 5500000 | 12,96,943 | 0 | 42,03,057 |
| കേന്ദ്രാവിഷ്കൃതഫണ്ട് - | | | | | | |
| എൻ.ആർ.ഇ.ജി.എസ് 320 100 101-Admin.Exp | 7695 | 1251322 | 1259017 | 1240160 | 18857 | |
| NREGS- State Share | 1000 | 237000 | 238000 | 236000 | 2000 | |
| EFMS | 0 | 32165996 | 32165996 | 32165996 | 0 | |
| ICDS- 320 100 121 | 531551 | 801093 | 1332644 | 791219 | 541425 | |
| സംസ്ഥാനാവിഷ്കൃത ഫണ്ട്- | | | | | | |
| 320 200 301 വിമുക്തി | 29745 | 0 | 29745 | 0 | 29745 | |
| 320 200 302ലൈഫ് - സംസ്ഥാന വിഹിതം | 0 | 1300000 | 1300000 | 700000 | 600000 | |
| 320 200 307 ബയോ ഡൈവേഴ്സിറ്റി ബോർഡ് ഫണ്ട് | 4748 | 0 | 4748 | 0 | 4748 | |
| 320 200 322 ശുചിത്വ മിഷൻ ഫണ്ട് | 1853117 | 2285036 | 4138153 | 347000 | 3791153 | |
| 320 300 199 ക്രിമറ്റോറിയം ഫണ്ട് | 2583 | 19687 | 22270 | 19687 | 2583 | |
| 320 200 324 Grant For Epidemic | 0 | 100000 | 100000 | 100000 | 0 | |
| 320 300 103 Premonsoon | 0 | 290000 | 290000 | 290000 | 0 | |
| 320 400 199 KSFE- Financial Assistants | 0 | 200000 | 200000 | 200000 | 0 | |

പഞ്ചായത്തിന് വിവിധ കേന്ദ്രാവിഷ്കൃത-സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുവേണ്ടി മുൻവർഷങ്ങളിലും, തൻവർഷവും കിട്ടിയ ഗ്രാന്റുകൾ ഒട്ടുംതന്നെ ചെലവാകാതെ അക്കൗണ്ടിൽ നിഷ്ക്രിയമായി കിടക്കുന്ന സ്ഥിതിവിശേഷം കാണുന്നുണ്ട്. ഉദാഹരണമായി ശുചിത്വ മിഷൻ ഫണ്ടിനത്തിൽ ലഭ്യമായതിൽ 37,91,153/- രൂപയും, ഐ.സി.ഡി.എസ് കേന്ദ്രവിഹിതമായി ലഭിച്ചതിൽ 5,41,425/- രൂപയും തൻവർഷം ചെലവാകാതെ നീക്കിയിരുപ്പുണ്ട്. മേൽപ്പറഞ്ഞ ഫണ്ടുകൾ പ്രസ്തുത പ്രൊജക്ടുകൾക്ക വേണ്ടി ചെലവാക്കുകയോ, അല്ലെങ്കിൽ ഫണ്ട് അനുവദിച്ച ഏജൻസിയുമായി ബന്ധപ്പെട്ട് തുക തിരികെ നല്കുകയോ ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | ചെലവഴിക്കാതെ ലാപ്സായ തുകയുടെ ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1,56,44,314 | 1,54,61,645 | 1,82,669 | 1.17% |
| വികസന ഫണ്ട് (എസ്.സി.പി) | 59,76,451 | 54,73,968 | 5,02,483 | 8.41% |

| | | | | |
|---|---|---|---|---|
| വികസനഫണ്ട് (ടി.എസ്.പി) | 83,000 | 0 | 83,000 | 100% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 52,20,657 | 51,88,395 | 32,262 | 0.68% |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 10511044 | 65,10,311 | 40,00,733 | 38.06% |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 5500000 | 12,96,943 | 42,03,057 | 76.42% |

2020-2021 സാമ്പത്തിക വർഷം ബജറ്റ് പ്രകാരം ഗ്രാമപഞ്ചായത്തിന് അലോട്ട് ചെയ്ത ഗ്രാന്റുകളിൽ വികസനഫണ്ട് (ടി.എസ്.പി), ധനകാര്യ കമ്മീഷൻ അവാർഡ് (Untied), ധനകാര്യ കമ്മീഷൻ അവാർഡ് (Tied), എന്നീ ഇനങ്ങളിൽ 30ശതമാനത്തിലധികം തുകയും ലാപ്സാകുകയാണുണ്ടായത്. 2019-2020ലും, 2020-2021 ലും ഈ മൂന്ന് ഫണ്ടിനങ്ങളിലും 50 % ലധികം തുക ചെലവായിട്ടില്ല. പ്രത്യേകിച്ച് വികസനഫണ്ട് ( TSP) ഇനത്തിൽ 2019-2020 ലും, 2020-2021ലും 100% തുകയും ലാപ്സാവുകയാണുണ്ടായത്. പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട ഒരു കുടുംബം മാത്രമേ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്നുള്ളൂ എന്നതിനാൽ ടി തുക ചെലവഴിക്കാനാവില്ല എന്നാണ് ഇതുമായി ബന്ധപ്പെട്ട് അന്വേഷിച്ചതിൽ നിന്ന് വ്യക്തമായത്. ആയതിനാൽ ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ഫണ്ട് ലാപ്സാകുന്നത് ഒഴിവാക്കുന്നതിന് പരിഹാരം കണ്ടെത്താൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

വാർഷിക ധനകാര്യപത്രികയിലെ RP-7 ഷെഡ്യൂളിലെയും , I-6 ഷെഡ്യൂളിലെയും ചെലവ് തുകകൾ തമ്മിലുള്ള വ്യത്യാസം

| ഫണ്ടിനം | RP-7 ഷെഡ്യൂൾ പ്രകാരം | I-6 ഷെഡ്യൂൾ പ്രകാരം | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1,54,61,645 | 1,58,62,824 | (+) 4,01,179 |
| വികസനഫണ്ട് (എസ്.സി.പി) | 54,73,968 | 55,76,517 | (+) 1,02,549 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 53,60,100 | 53,30,100 | (-) 30,000 |
| ധനകാര്യകമ്മീഷൻ അവാർഡ് (Untied) | 65,10,311 | 18,76,487 | (-) 46,33,824 |
| ധനകാര്യകമ്മീഷൻ അവാർഡ് (Tied) | 12,96,943 | 2,96,943 | (-) 10,00,000 |

1. വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേമെന്റ് പത്രികയിലെ RP-7 ഷെഡ്യൂളിൽ വിവിധയിനം സർക്കാർ ഗ്രാന്റിനങ്ങളിലെ ചെലവ് തുകയോട് ലൈഫ് മിഷൻ പദ്ധതിക്കുവേണ്ടി എടുത്തിട്ടുള്ള വായ്പ തുകയുടെ തിരിച്ചടവ്, അങ്കണവാടി അദ്ധ്യാപകർക്കുള്ള അധിക ഓണറേറിയം, വാട്ടർ ചാർജ്ജ് കുടിശ്ശിക തിരിച്ചടവ് എന്നിവയ്ക്കുവേണ്ടി വികസനഫണ്ടിന്റെ സ്രോതസ്സിൽ തന്നെ ഫണ്ട് കുറവ് വരുത്തൽ, അല്ലെങ്കിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള മറ്റ് ജി.ഒ പ്രൊജക്ടുകൾക്കുവേണ്ടിയുള്ള ചെലവ് എന്നീ ഇനങ്ങളിൽ ചെലവ് വന്നിട്ടുണ്ടെങ്കിൽ ആ ചെലവ് കൂടി കൂട്ടിയ തുകയിൽ നിന്ന് ക്യാപിറ്റൽ എക്സ്പെൻഡിച്ചർ ആയ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയശേഷം ബാക്കി വരുന്ന റവന്യൂ എക്സ്പെൻഡിച്ചർ മാത്രമാണ് I-6 ൽ അതത് ഹെഡ് ഓഫ് അക്കൗണ്ടിൽ വരേണ്ടത്. ഇവിടെ 20,17,235/- രൂപയാണ് വിവിധ ജി.ഒ പ്രൊജക്ടുകൾക്കുവേണ്ടി മാറ്റിയത്. ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ ആയി വിവിധ ഫണ്ടിനങ്ങളിൽ നിന്ന് 76,31,933/- രൂപയും ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടുണ്ട്.

2. 2020-21 വർഷത്തെ ബാലൻസ് ഷീറ്റിൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ( 312 100 101 ) എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 01.04.2020-ൽ മുന്നിരുപ്പ് കാണിച്ചിരിക്കുന്നത് 3,28,77,714/-രൂപയാണ്. ഇതേ ഹെഡ് ഓഫ് അക്കൗണ്ടിൽ 31.03.2021-ൽ നീക്കിയിരുപ്പ് കാണിച്ചിരിക്കുന്നത് 4,05,09,647/-രൂപയാണ്. ഈ ഹെഡ് ഓഫ് അക്കൗണ്ടിലെ മുന്നിരിപ്പും(01.04.2020), നീക്കിയിരിപ്പും (31.03.2021 ) തമ്മിലുള്ള വ്യത്യാസം 76,31,933/- രൂപയാണ്.അതായത് തൻവർഷം ക്യാപ്പിറ്റൽ എക്സ് പെൻഡിച്ചർ ഇനത്തിൽ വിവിധ ഫണ്ടിനങ്ങളിൽ നിന്ന് ഈ ഹെഡിലേക്ക് മാറ്റിയിട്ടിരിക്കുന്ന ആകെ തുക 76,31,933/-രൂപയാണ്.

മേൽപ്പറഞ്ഞ പ്രകാരമുള്ള കണക്കുകളുടെ വിശദാംശം താഴെക്കൊടുക്കുന്നു .

| ഫണ്ടിനം | As Per RP-7 | കൂട്ടുക-ജി.ഒ പ്രൊജക്ടുകൾക്ക വേണ്ടി നീക്കിവെച്ച തുക | കുറയ്ക്കുക-ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയ തുക | As Per I-6 | Remarks |
|---|---|---|---|---|---|
| Dev.Fund -General | 1,54,61,645 | 19,14,686 | 15,13,507 | 1,58,62,824 | |

| | | | | | |
|---|---|---|---|---|---|
| Dev.Fund -SCP | 54,73,968 | 1,02,549 | | 55,76,517 | |
| Maintanence Grant (Non Road) | 53,60,100 | | 30,000 | 53,30,100 | |
| Central Finance Commission Grant(Untied) | 65,10,311 | | 46,33,824 | 18,76,487 | |
| Central Finance Commission Grant (Tied) | 12,96,943 | | 10,00,000 | 2,96,943 | |
| Joint Venture Block Pt (Capital) | | | 4,54,602 | | |
| ആകെ | | 20,17,235 | 76,31,933 | | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 227 | 100175236 | 161 | 56632618 | 12 | 54 | 161 | 70.92% |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 26 പ്രൊജക്ടുകൾ ഉപേക്ഷിച്ചിട്ടുണ്ട്. പശ്ചാത്തല -സേവന മേഖലകളിൽപ്പെട്ടതു് കൂടാതെ ഖര-മാലിന്യ സംസ്കരണപദ്ധതികളും, സ്വച്ഛഭാരത് മിഷൻ ഫണ്ട് ഉപയോഗിച്ചുള്ള പ്രൊജക്ടുകളും ഉപേക്ഷിച്ചതായി കാണുന്നുണ്ട്. ഖര മാലിന്യ നിർമ്മാർജ്ജനം പഞ്ചായത്തുകളുടെ അടിയന്തിര പ്രാധാന്യം നല്കേണ്ടുന്ന പദ്ധതിയായിട്ടും ഈ മേഖലയിൽ തുക ചെലവഴിക്കാനാവാത്തത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 7695 | 1251322 | 1259017 | 1240160 | 18857 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 32165996 | 32165996 | 32165996 | 0 |
| സംസ്ഥാന വിഹിതം | 1000 | 237000 | 238000 | 236000 | 2000 |
| ആകെ | 8695 | 33654318 | 33663013 | 3364128 | 20885 |

## 1-6-1 തൊഴിലുറപ്പ് പദ്ധതി-അവലോകനം

2020 -21 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു .

| | |
|---|---|
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 3911 |
| രജിസ്റ്റർ ചെയ്ത വ്യക്തികളുടെളുടെ എണ്ണം | 7479 |
| ആക്ടീവായ ഗുണഭോക്താക്കൾ | 2330 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 1644 |
| തൊഴിൽ ആവശ്യപ്പെട്ട വ്യക്തികളുടെളുടെ എണ്ണം | 2038 |
| 2020-21 ൽ നല്കിയ തൊഴിൽ ദിനങ്ങൾ | 93040 |
| ഒര കടബത്തിന് ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ | 56 |
| 100 തൊഴിൽ ദിനങ്ങൾ നല്കപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 332 |
| 2019-20 വർഷത്തെ ആകെ ചെലവ് തുക | 334.06ലക്ഷം |

ആക്ഷൻ പ്ലാൻ അനുസരിച്ച് ആകെ രൂപീകരിച്ച വർക്കുകൾ --1121

പൂർത്തിയാക്കിയ വർക്കുകൾ-- 290

നടത്തിയ പ്രധാനപദ്ധതികളുടെ മേഖല തിരിച്ചുള്ള വിവരം താഴെക്കൊടുക്കുന്നു

| തയ്യാറാക്കിയ പ്രവൃത്തികൾ | നടപ്പാക്കിയ പ്രവൃത്തികൾ |
|---|---|
| കട്ട നിർമ്മാണം | 2 |
| വരൾച്ച നിവാരണം | 7 |
| വെള്ളകെട്ട് നിയന്ത്രണം | 1 |
| ജലസേചന കനാലുകൾ | 19 |
| വ്യക്തിഗത ആസ്തികൾ | 133 |
| ഭൂ വികസനം | 37 |
| റോഡ് നിർമ്മാണം | 15 |
| ജലസ്രോതസ്സുകളുടെ സംരക്ഷണം | 76 |
| ആകെ | 290 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 11520 | 23 |
| കർഷകതൊഴിലാളി പെൻഷൻ | 8502400 | 582 |
| വിധവാപെൻഷൻ | 14531500 | 1032 |
| വാർദ്ധക്യകാലപെൻഷൻ | 29565100 | 2353 |
| വികലാംഗപെൻഷൻ | 4923500 | 324 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 1117200 | 79 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 390000 | 13 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.01.2022 തീയതിയിൽ അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6951/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10/12/2019 | 11/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19/02/2015 മുതൽ 04.03.2015 വരെ | 2009-10 മുതൽ 2013-14 വരെ | 19/05/2015 |

.

## 1-10 ഗ്രാമസഭ

കോവിഡ് വ്യാപന പശ്ചാത്തലത്തിൽ 2020-21 വർഷം നാമമാത്ര ഗ്രാമസഭകളാണ് ചേർന്നിട്ടുള്ളത്. പദ്ധതി രൂപീകരണത്തിന് സഹായകമാകുന്ന രീതിയിൽ നവീന ആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിർദ്ദേശങ്ങളൊന്നും ഗ്രാസഭകളിൽ നിന്ന് ഉയർന്ന് വന്നിട്ടില്ല. പദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള വേദിയായി

മാത്രം ഗ്രാമസഭകൾ പരിണമിക്കുന്നതായാണ് മിനിറ്റ്സുകൾ വ്യക്തമാക്കുന്നത്. മിനിറ്റ്സ് ബുക്കുകൾ പരിശോധിച്ചതിൽ നിന്നും എല്ലാ ഗ്രാമസഭകളുടെയും മിനിറ്റ്സുകൾ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി, ക്ലോസ് ചെയ്തു പോരുന്നുണ്ട്.

## 1-11 ആഭ്യന്തര നിയന്ത്രണം

ഫ്രണ്ട് ഓഫീസ്

പഞ്ചായത്തിൽ നിന്ന് വിവിധ സേവനങ്ങൾ ആവശ്യപ്പെട്ട് വരുന്നവർക്ക് ആവശ്യമായ സൗകര്യങ്ങളോടു കൂടി ഫ്രണ്ട് ഓഫീസ് സൗകര്യം ഒരുക്കിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ ഫ്രണ്ട് ഓഫീസ് ഡയറി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചുപോരുന്നുണ്ട്.

ഓഫീസ് യോഗങ്ങൾ

കോവിഡ് പശ്ചാത്തലത്തിൽ 2020 ഏപ്രിൽ, മെയ് മാസങ്ങളിൽ യോഗം ചേർന്നിട്ടില്ല. പിന്നീട് 7/20, 9/20, 10/20 എന്നീ മാസങ്ങളിലും ഓഫീസ് യോഗങ്ങൾ ചേർന്നിട്ടില്ല. ഓഫീസ് യോഗങ്ങൾ എല്ലാമാസവും ചേരുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഓഫീസ് ഓർഡർ ബുക്ക്

ജീവനക്കാരുടെ ജോലി ക്രമീകരിച്ചുകൊണ്ടുള്ള ഉത്തരവുകൾ രേഖപ്പെടുത്തി ഓഫീസ് ഓർഡർ ബുക്ക് സൂക്ഷിച്ചുപോരുന്നുണ്ട്. പ്രസ്തുത ഓർഡറുകൾ ജീവനക്കാർ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

## 1-12 രസീത് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

1) 2020 -21 സാമ്പത്തികവർഷം സാംഖ്യ രസീത് ക്യാൻസലേഷൻ റിപ്പോർട്ടുകൾ ഡേ ബുക്കിനോടൊപ്പം അതാത് ദിവസം എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഇത് ക്യാൻസൽഡ് രസീതുകൾ സഞ്ചയയിൽ ക്യാൻസൽ ചെയ്യപ്പെടാതെ പോകുന്നതിനു കാരണമാകാൻ സാധ്യതയുണ്ട്. രസീതുകൾ വ്യക്തമായ കാരണം കാണിക്കാതെ ക്യാൻസൽ ചെയ്യുന്നതായും കാണുന്നു. ഇത്തരം സാഹചര്യം ഒഴിവാക്കുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം കൈയ്യെഴുത്ത് സമ്പ്രദായത്തിലുള്ള രസീതു ബുക്കുകൾ ഉപയോഗിക്കേണ്ട സന്ദർഭങ്ങളിൽ ഒറിജിനൽ രസീത് പഞ്ചായത്തിൽ സൂക്ഷിക്കുകയും ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് ഇംപ്രഷൻ പതിച്ച ഡ്യൂപ്ലിക്കേറ്റ് രസീത് കക്ഷികൾക്ക് നൽകുകയുമാണ് വേണ്ടത്. കൃഷി ഓഫീസർക്ക് ഇഷ്യൂ ചെയ്തിരുന്ന രസീത് ബുക്കുകളിൽ മിക്കതിലും ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് രസീത് എഴുതിയിട്ടില്ല. ഇതുമൂലം ഡ്യൂപ്ലിക്കേറ്റ് രസീതിലും അതേ തുക തന്നെയാണോ എന്ന് ഉറപ്പാക്കാൻ സാധിക്കില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3) 13.08.2018 ൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഇഷ്യൂ ചെയ്ത 13412 രസീത് ബുക്ക് നമ്പർ ഉപയോഗിച്ച് നടത്തിയ ടെണ്ടർ ഫോം വില്പനയുടെ ബുക്കിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

A) 13.08.2018 മുതൽ 08.10.2021 വരെ നാല് സാമ്പത്തികവർഷങ്ങളിലായാണ് 13412 എന്ന രസീത് ബുക്ക് ഉപയോഗിച്ചു കൊണ്ടിരുന്നത്. ഓരോ സാമ്പത്തിക വർഷത്തിന്റെയും അവസാനം നിലവിൽ ബാക്കിയുള്ള രസീതുകൾ ക്യാൻസൽ ചെയ്ത് പുതിയ രസീത് ബുക്ക് ഉപയോഗിക്കേണ്ടതാണെങ്കിലും, 2018-19 വർഷാവസാനം 47 രസീതുകളേ ഉപയോഗിച്ചുള്ളൂ എന്നതിനാൽ അടുത്ത വർഷത്തേയ്ക്കും അതേ ബുക്ക് തുടർന്ന് ഉപയോഗിക്കുന്നതിൽ തെറ്റില്ല. എന്നാൽ ഇതിനിടയിൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 28.09.2019 ൽ 34441 എന്ന പുതിയ രസീത് ബുക്ക് ഇഷ്യൂ ചെയ്തതായി കാണുന്നു. ഇതുപയോഗിച്ചാണ് 30.09.2019 മുതൽ 20.03.2020 വരെയുള്ള കാലയളവിൽ പിരിവ് നടത്തിയിട്ടുള്ളത്. ആകെ 45 രസീതുകൾ മാത്രമാണ് ഈ ബുക്കിൽ നിന്നും ഉപയോഗിച്ചിട്ടുള്ളത്. ബാക്കി രസീതുകൾ ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്താതെ സൂക്ഷിച്ചിരിക്കുകയുമാണ്. ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

B) 13412-ാം നമ്പർ ബുക്കിൽ 1 മുതൽ 47 വരെ 2018-19 സാമ്പത്തിക വർഷം കൃത്യമായി എഴുതി വന്നിട്ടുണ്ട്. എന്നാൽ രസീത് നമ്പർ 48 മുതൽ 94 വരെ ഡബിൾ സൈഡ് കാർബൺ പേപ്പർ ഉപയോഗിച്ചു മാത്രമേ മാനുവൽ രസീത് എഴുതാവൂ എന്ന് നിബന്ധന പാലിച്ചിട്ടില്ല. മാത്രമല്ല ഔട്ട്ഡോർ കളക്ഷൻ രജിസ്റ്റർ പ്രകാരം രസീത് നമ്പർ 48 ക്യാൻസൽഡ് ആണെങ്കിലും ആയതിന്റെ കൌണ്ടർ ഫോയിൽ ലഭ്യമല്ല. ഒറിജിനൽ രസീതിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് യഥാർത്ഥത്തിൽ എഴുതുകയും ഡ്യൂപ്ലിക്കേറ്റ് കക്ഷിക്ക് നൽകുകയുമാണ് ചെയ്യേണ്ടത്. എന്നാൽ ഡ്യൂപ്ലിക്കേറ്റ് രസീതിൽ യഥാർത്ഥത്തിൽ എഴുതുകയും ആ രസീത് തന്നെ കക്ഷിക്ക് നൽകുകയുമാണ് ചെയ്തിട്ടുള്ളത്. ഇത് ശരിയായ രീതിയല്ല. രസീത് നം. 48 മുതൽ 83 വരെ ഇപ്രകാരമാണ് ടെണ്ടർ ഫോം വിൽപ്പനയുടെ രസീത് നൽകി കാണുന്നത്. ഇതുമൂലം പാർട്ടിക്ക് നൽകിയ രസീതും യഥാർത്ഥ രസീതും തമ്മിൽ വ്യത്യാസം വന്നിരിക്കാൻ സാധ്യതയുണ്ട്. കാരണം 83-ാം നമ്പർ രസീതിന്റെ ഒറിജിനലും കൌണ്ടർഫോയിലും ബുക്കിൽ ലഭ്യമാണ്. എന്നാൽ ടി

രസീത് ക്യാൻസൽ ചെയ്യുതല്ല. നിലവിലുള്ള അക്കൗണ്ടിംഗ് ചട്ടങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്ന നിബന്ധനകൾ പ്രകാരം തന്നെ രസീതുകൾ ഉപയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം 2020– 21ലെ തൊഴിൽ നികുതി ഈടാക്കുന്നതിൽ സംഭവിച്ചിട്ടുള്ള അപാകതകൾ താഴെപ്പറയുന്നു

1) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ നിലവിൽ ഏതെല്ലാം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നോ അവയിൽ നിന്നെല്ലാം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയോ എന്ന് പരിശോധിക്കാൻ സാധിക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് എല്ലാ വർഷവും കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

1) കരാർ രജിസ്റ്റർ പ്രകാരം 2020-21 ൽ പഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെപ്പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | കരാറുകാരന്റെ പേര് |
|---|---|
| 1 | എം.എസ്.വർഗ്ഗീസ്, മാണി |
| 2 | എസ്.ഐ.തോമസ്, സങ്കരിക്കൽ |
| 3 | ജിതിൻ സേവ്യർ, കോയിക്കര |
| 4 | എ.ജെ.ലോറൻസ്, ആട്ടോക്കാരൻ |
| 5 | കെ.എ.ജോയ്, കോലഞ്ചേരി |
| 6 | റോബിൻസ് ജോസഫ്, കൈതാരത്ത് |
| 7 | സണ്ണി.പി.ജെ, പുലരക്കൽ |
| 8 | ബിനു.എം.എ, മണ്ണംപ്പിള്ളിൽ |
| 9 | കെ.എസ്.പോളി, കളപ്പറമ്പൻ |
| 10 | ഷാന്റോ ജോസ്, കോണുകുടി |
| 11 | വി.കെ.വേണു, വട്ടപ്പാറ |
| 12 | വർഗ്ഗീസ്.വി.പി, വള്ളൂരാൻ |
| 13 | സെബാസ്റ്റ്യൻ പോൾ, കളപ്പറമ്പൻ |
| 14 | ജാക്സൺ ഐസക്, എളയിടത്ത് |

2) ലൈസൻസ്/തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ 2020-21 ലെ രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽ നികുതി അടച്ചതായി രേഖപ്പെടുത്താത്ത സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം | കെട്ടിട നം | ഉടമയുടെ പേര് | ലൈസൻസ് രജിസ്റ്റർ നം. |
|---|---|---|---|
| 1 | 16/360A | കരുണാകരൻ.കെ.കെ | 16 |
| 2 | 9/293 | മാർട്ടിൻ.കെ | 26 |
| 3 | 17/357,B,C | രഞ്ജിത് ജോസ് | 56 |
| 4 | 11/210 | അംബിക.എം.എ | 97 |
| 5 | 16/146D | പി.എ.ഡേവിസ് | 103 |
| 6 | 2/433D | ജോൺസൺ.വി.പി | 114 |
| 7 | 12/394 A,B | ഡേവിസ്.ടി.എസ് | 115 |
| 8 | 13/314B | പി.എസ്.രാജേഷ് | 116 |
| 9 | 9/478 | കെ.കെ.ശിവദാസൻ | 128 |
| 10 | 13/44 | റോക്കി.സി.പി | 145 |
| 11 | 9/359 | ഷിബു.എ.ബി | 149 |
| 12 | 6/402 | കെ.എസ് കൃഷ്ണൻ | 156 |
| 13 | 8/415 | ലാലു ആന്റ് രാജു | 161 |
| 14 | 9/189 | ആന്റോ പീറ്റർ | 166 |
| 15 | 9/287 | എം.വി.മോഹനൻ | 167 |
| 16 | 13/154c | സാനിയ.ടി.എസ് | 179 |
| 17 | 13/23 F | ഗ്രിഗർ വർഗ്ഗീസ് | 192 |
| 18 | 14/10 | അലൻ വിൻസൺ | 194 |
| 19 | 14/11 | അലൻ വിൻസൺ | |
| 20 | 10/182A | സിമി സാജു | 198 |

| | | | |
|---|---|---|---|
| 21 | 11/63A | അനിൽകുമാർ പൂണേലി | 211 |
| 22 | 12/528 | ബിനുകുമാർ.പി.കെ | 212 |
| 23 | 9/475 | സിനി പൌലോസ് | 213 |
| 24 | 12/403 | രാജേഷ് എൻ.എസ് | 214 |
| 25 | 1/165B | ആന്റണി.കെ.ഡി | 215 |
| 26 | 13/44 | ബെന്നി.സി.ജി | 216 |

മേൽ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കേണ്ടതാണ്.

3)തൊഴിൽ നികുതി രജിസ്റ്റർ പ്രകാരമുള്ള ഡി.സി.ബി യും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവും പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

4) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ളുഷാപ്പുകൾ, അക്ഷയ സെന്റർ, ഓഡിറ്റോറിയങ്ങൾ, ക്ഷീരോൽപ്പാദന സഹകരണ സംഘങ്ങൾ, ബി.എസ്.എൻ.എൽ ഓഫീസ് എന്നിവിടങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ എൻക്വയറി നം.9 /15.01.2022 ന് മറുപടി ലഭിച്ചിട്ടില്ല. ഇവരിൽ നിന്ന് നികുതി ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-14 ലൈസൻസ് ഫീ-അപാകതകൾ

1. സാംഖ്യാ അക്കൌണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുകയാണ് ചെയ്യുന്നത്. രജിസ്റ്ററിൽ ചട്ടപ്രകാരം ആവശ്യമായ എല്ലാ വിവരങ്ങളും ചേർക്കുന്നില്ല. രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തയ്യാറാക്കി ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി റീകൺസൈൽ ചെയ്യുന്നില്ല എന്നതിനാൽ ഡി സി ബി-യുടെ കൃത്യത ഉറപ്പാക്കുവാനാകുന്നില്ല.

2.കുടിശ്ശിക കൃത്യമായി രേഖപ്പെടുത്തുന്നില്ല. വരവ് തന്നെ ഡിമാന്റായി വർഷാവസാനം സാഖ്യയിൽ ചേർക്കുന്നു. മുൻവർഷത്തെ വരവിന്റെ അടിസ്ഥാനത്തിൽ വർഷാരംഭത്തിൽ തന്നെ തൻവർഷ ഡിമാന്റ് സാഖ്യയിൽ ചേർക്കുന്നില്ല. മുൻവർഷത്തെ വരവിനനുസരിച്ച് പ്രതീക്ഷിത ഡിമാന്റ് വർഷാരംഭത്തിൽ തന്നെ സാംഖ്യയിൽ ചേർക്കേണ്ടതും ഡിമാന്റിലുണ്ടാകുന്ന മാറ്റത്തിനനുസരിച്ച് പിന്നീട് ജേർണൽ എൻട്രിയിലൂടെ (ഡിമാന്റിൽ വ്യത്യാസം ഉണ്ടെങ്കിൽ) മാറ്റം വരുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ സാംഖ്യാ അക്കൌണ്ടുകളുടെ പകർപ്പ് സഹിതം അറിയിക്കേണ്ടതുമാണ്.

3.വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് വർഷാവർഷം തന്നെ കാലികമാക്കി വർഷാരംഭത്തിൽ ലിസ്റ്റിലെ ക്രമ പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നില്ല എന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങൾ എല്ലാം തന്നെ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനാകുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് വർഷാവർഷം കാലികമാക്കി വർഷാരംഭത്തിൽ തന്നെ തയ്യാറാക്കേണ്ടതും ലിസ്റ്റിലെ ക്രമ പ്രകാരം വാർഡ് തിരിച്ച് ലൈസൻസ് രജിസ്റ്റർ എഴുതുന്നു എന്ന് ഉറപ്പുവരുത്തി അറിയിക്കേണ്ടതും ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

4.പല ലൈസൻസ് അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നില്ല. മൂലധന നിക്ഷേപം പരിശോധിച്ച് റിപ്പോർട്ട് ചെയ്ത് അതനുസരിച്ച് ലൈസൻസ് ഫീ ഈടാക്കുന്നില്ല. മുൻവർഷം ഈടാക്കിയ ഫീസ് തന്നെ തൻവർഷവും ഈടാക്കുന്ന രീതിയാണ് സ്വീകരിക്കുന്നത്. അപേക്ഷകളിൽ കൃത്യമായ മൂലധനം രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും അന്വേഷണ ഉദ്യോഗസ്ഥൻ അതിന്റെ കൃത്യത പരിശോധിക്കേണ്ടതുമാണ്.

5.സ്ഥാപനങ്ങൾക്ക് ഒന്നിൽ കൂടുതൽ വർഷത്തേക്ക് ലൈസൻസ് നൽകുന്നതായി കാണുന്നു. ഈ സ്ഥാപനങ്ങളുടെ രജിസ്റ്റർ ഹാജരാക്കേണ്ടതും അഡ്വാൻസ് ലഭിച്ച തുക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി നൽകേണ്ടതുമാണ്. മുൻവർഷങ്ങളിലും 2020-21 വർഷവും ഇത്തരത്തിൽ ലൈസൻസ് ഫിസ് ഈടാക്കിയ സ്ഥാപനങ്ങളുടെ അഡ്വാൻസ് തുകയിൽ നിന്ന് തൻവർഷ വരവിലേക്ക് മാറ്റിയ തുകകളുടെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

6. സ.ഉ.(സാധാ)നം.2511/2017/തസ്വഭവ തിയതി 22.07.2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീട്ടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയ്യേറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം

മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനും അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. ലൈസൻസ് അനുവദിക്കുമ്പോൾ മേൽ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

7. 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലുവച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും, കടയുടെ ലൈസൻസി, തന്റെ പേർ, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയർക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ2/2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ.17-09-2009, സർക്കുലർ നം. 66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012) എന്നിവയിലെ നിബന്ധനകൾ പാലിച്ച് ലൈസൻസ് നൽകേണ്ടതാണ്. പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ധാരാളം ഇറച്ചി കടകൾ പ്രവർത്തിക്കുന്നുണ്ട് എങ്കിലും ലൈസൻസ് രജിസ്റ്റർ പ്രകാരം ആരും ലൈസൻസ് എടുത്തതായി കാണുന്നില്ല. ഇത്തരം കടകകൾ എല്ലാം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.
പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഇത്തരം കടകകൾ എല്ലാം നിമാനുസൃതമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതും മാനദണ്ഡങ്ങൾ പാലിക്കാത്തവയ്ക്കെതിരെ നിയമനടപടി സ്വീകരിക്കേണ്ടതുമാണ്. അപാകത പരിഹരിക്കുന്നതിന് സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

8. 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 139 പ്രകാരം അബ്കാരി ഷാപ്പുകൾ ഉൽപന്നങ്ങളുടെ സംഭരണം, വിൽപനയ്ക്കും ക്രമ നം. 149, 132 എന്നിവ പ്രകാരം റേഷൻ കടകൾക്കും ക്ഷീര സഹകരണ സംഘങ്ങൾക്കും ലൈസൻസ് ആവശ്യമാണ്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള കള്ള് ഷാപ്പുകൾക്കും റേഷൻ കടകൾക്കും ക്ഷീര സഹകരണ സംഘങ്ങൾക്കും പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. ഈ സ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

9. പഞ്ചായത്തിൽ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ള വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ എണ്ണത്തിലും (1272 കെട്ടിടങ്ങൾ) ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണത്തിലും ഗണ്യമായ വ്യത്യാസം കാണുന്നു. 2020-21 ൽ 253 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. പഞ്ചായത്തിലെ എല്ലാ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിലും പ്രാദേശിക പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി അറിയിക്കേണ്ടതാണ്.
10.പഞ്ചായത്തിൽ അസംബ്ലി കെട്ടിടം /കൺവെൻഷൻ സെന്റർ എന്ന ഇനത്തിൽ 71 കെട്ടിടങ്ങൾ വസ്തുനികുതി നിർണ്ണയം നടത്തിയതായി കാണുന്നു എങ്കിലും ഇത്തരം സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല. പരിശോധന നടത്തി ഈ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീ ഈടാക്കുന്നു എന്ന് ഉറപ്പുവരുത്തി അറിയിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 14-1-22 ലെ ഓഡിറ്റ് എൻക്വയറി നം 6 ന് നൽകിയ മറുപടി നൽകിയില്ല.അപാകതകൾ പരിഹരിച്ച് തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

.

## 1-15 വസ്തു നികുതി പരിഷ്കരണം - സഞ്ചയയിൽ ഡാറ്റാ എൻട്രി പൂർത്തീകരണവുമായി ബന്ധപ്പെട്ട അപാകതകൾ

23.01.2018 ലെ സി 3- 6865/11-ാം നമ്പർ സർക്കുലർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സഞ്ചയ ഡാറ്റാ ബേസിലെ അപാകതകൾ അന്തിമമാക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. അതു പ്രകാരം ഓരോ കെട്ടിടത്തിന്റെയും യഥാർത്ഥ വിവരങ്ങൾ ശേഖരിക്കേണ്ടതും ഡാറ്റാ ശുദ്ധീകരണ നടപടികൾ എല്ലാ പഞ്ചായത്തുകളും പൂർത്തീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ മലയാറ്റൂർ പഞ്ചായത്തിലെ ഡാറ്റാ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് കൃത്യമായി ഒരു ഫയൽ സൂക്ഷിച്ചിട്ടില്ല. ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന പഴയ കെട്ടിടങ്ങൾ എല്ലാം തന്നെ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡാറ്റാ എൻട്രി നടത്തിയിട്ടില്ലെന്നും നികുതിദായകർ പഴയ കെട്ടിട നമ്പർ ഉപയോഗിച്ച് ഓൺലൈനായി വസ്തു നികുതി ഒടുക്കാൻ ശ്രമിക്കുമ്പോൾ ടി കെട്ടിടം Not Found എന്ന് കാണിക്കുകയും ചെയ്യുന്നു എന്ന് കാണുന്നു. ആ സമയത്ത് ഇവർ പഞ്ചായത്തിനെ വിവരം അറിയിക്കുകയും അപാകത പരിഹരിച്ച് കെട്ടിട നികുതി ഒടുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷ നൽകുകയും ചെയ്യുമ്പോൾ മാത്രമാണ് പഞ്ചായത്ത് സ്ഥലപരിശോധന ഉൾപ്പെടെയുള്ള തുടർനടപടികൾ കൈക്കൊണ്ട് പുതിയ കെട്ടിട നമ്പർ നൽകുന്നതും വർഷങ്ങളായി കുടിശ്ശിക ഉള്ള നികുതികൾ ഈടാക്കുന്നതും. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) ശ്രീമതി.മഞ്ജു ജോമോൻ, എടത്തല എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഗ്രീൻഫീൽഡ് സാന്റ് എന്ന എം സാന്റ് യൂണിറ്റിന്റെ ഓഫീസ് കെട്ടിടം പ്രവർത്തിക്കുന്ന ബിൽഡിംഗിന്റെ പഴയ കെട്ടിട നമ്പർ 7/547 D,E,F ( യഥാക്രമം 150 ച.മീ, 110 ച.മീ, 110 ച.മീ) ആണ്. 11.02.2021 ൽ ഇവർ നൽകിയ അപേക്ഷ പ്രകാരം ടി കെട്ടിടങ്ങളുടെ നമ്പർ ഓൺലൈൻ പോർട്ടലിൽ ലഭ്യമല്ല എന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്തിൽ നിന്ന് സ്ഥലപരിശോധന നടത്തിയിട്ടുള്ളത്. 2010-11 ൽ പണി കഴിപ്പിച്ച ടി കെട്ടിടം ക്ലറിക്കൽ അപാകത മൂലം സഞ്ചയയിൽ ചേർക്കാൻ വിട്ടു പോയതാണെന്നും 2/478A, B, C എന്നീ നമ്പറുകൾ സഞ്ചയയിൽ നൽകി നികുതി ഈടാക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്യുകയും അതിനു ശേഷം 2011-12 മുതൽ നാളിതു വരെയുള്ള കുടിശ്ശിക തുക ഈടാക്കുകയും ചെയ്തു.

2)ശ്രീമതി.നിഷ ജോഷി, പുളിക്കപ്പറമ്പിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 70 ച.മീ വിസ്തീർണ്ണമുള്ള വാസഗൃഹത്തിന്റെ പഴയ കെട്ടിട നം.1/409 C ആയിരുന്നു. ഓണർഷിപ്പ് മാറ്റുന്നതിന് വേണ്ടി 29.12.2020 ൽ ഇവർ അപേക്ഷ സമർപ്പിച്ച സമയത്ത് ഇതും ക്ലറിക്കൽ അപാകത മൂലം സഞ്ചയയിൽ ചേർക്കാതിരുന്നതാണെന്ന് കാണുകയും 7/325 B എന്ന നിലവിലെ കെട്ടിട നമ്പർ സഞ്ചയയിൽ ഉൾപ്പെടുത്തി 2011-12 മുതലുള്ള കുടിശ്ശിക ഈടാക്കുകയും ചെയ്തിട്ടുണ്ട്.

3) ശ്രീ.ഡേവിസ്.എം.എൻ, പോരോത്താൻ എന്ന വ്യക്തിയുടെ 09.12.2019 ലെ അപേക്ഷയിൽ പഴയ കെട്ടിട നമ്പർ 1/111 C ആയ തന്റെ വീടിന്റെ കെട്ടിട നികുതി മുടങ്ങാതെ അടച്ചു വരുന്നതാണെന്നും എന്നാൽ രജിസ്റ്ററിൽ പേരുണ്ടെങ്കിലും കമ്പ്യൂട്ടറിൽ കേറാതെ കിടക്കുന്നതിനാൽ വേണ്ട തുടർ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെടുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ രണ്ട് വർഷങ്ങൾക്ക് ശേഷമാണ് 30.09.2021 ൽ സ്ഥലപരിശോധനാ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. 7/426 എന്ന നമ്പർ നൽകി സഞ്ചയയിൽ ചേർക്കുകയും 2013- 14 മുതലുള്ള നികുതി ഈടാക്കുകയുമാണ് ചെയ്തത്.

പല ഭവന പദ്ധതികൾ പ്രകാരം പണി കഴിപ്പിച്ചിട്ടുള്ള 60 ച.മീ ൽ താഴെ ഉള്ള നികുതി ഒടുക്കേണ്ടാത്ത കെട്ടിട ഉടമകളും ഓരോ ആവശ്യങ്ങൾക്കായി ഓണർഷിപ്പ് സർട്ടിഫിക്കറ്റിനപേക്ഷിക്കുമ്പോഴും ഇത്തരത്തിൽ സഞ്ചയയിൽ എൻട്രി വരാത്തതായി കാണുകയും അന്നേരം ആയത് ഉൾപ്പെടുത്തി പോരുകയുമാണ് ചെയ്തു വരുന്നത്.

മേൽ സൂചിപ്പിച്ച പ്രകാരം ധാരാളം കെട്ടിടങ്ങൾ ഇത്തരത്തിൽ സഞ്ചയയിൽ ചേർക്കാൻ വിട്ടു പോയിട്ടുണ്ടെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. സഞ്ചയയിൽ ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തുന്ന സമയത്ത് പഴയ നികുതി അസസ്മെന്റ് രജിസ്റ്ററിലെ വിവരങ്ങൾ പോലും മുഴുവനായി ഡാറ്റാ എൻട്രി നടത്തിയിട്ടില്ലെന്നാണ് മനസ്സിലാകുന്നത്. ഇതു മൂലം പഞ്ചായത്തിന് ലഭിക്കേണ്ടതായ വസ്തു നികുതി ഡിമാന്റ് ചെയ്യപ്പെടാതെ പോകുകയും വരുമാനത്തിൽ കുറവുണ്ടാകുകയും ചെയ്യുന്നു. മാത്രമല്ല ഓരോ വർഷവും അക്കൌണ്ട്സ് അരിയർ ഡിമാന്റിൽ വ്യത്യാസം വരികയും ഡിമാന്റിനേക്കാൾ കൂടുതൽ അരിയർ ഇനത്തിൽ കളക്ഷൻ വരികയും ചെയ്യുന്നു. പഞ്ചായത്തിലെ ഡാറ്റാ പ്യൂരിഫിക്കേഷന്റെ നിലവിലെ അവസ്ഥ അറിയിക്കേണ്ടതും പൂർത്തിയായിട്ടില്ലെങ്കിൽ ആയതിന്റെ കാരണവും അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറി 8/14.01.2022 ന് പഞ്ചായത്ത് മറുപടി നൽകിയിട്ടില്ല.

പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയ ഫയലുകളുടെ സൂക്ഷിപ്പ് സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകളുണ്ട്.

1) അസസ്മെന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റിനായി ആവശ്യപ്പെട്ടപ്പോൾ മാത്രമാണ് സഞ്ചയയിൽ നിന്ന് എല്ലാ വാർഡിന്റേയും പ്രിന്റ് ഔട്ട് എടുത്ത് നൽകിയത്. ഓരോ വർഷത്തെയും പുതുതായി വസ്തു നികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ വർഷാവസാനമെങ്കിലും പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്.

2) ഓഡിറ്റ് വർഷങ്ങളിൽ പുതിയതായി അസസ് ചെയ്ത കെട്ടിടങ്ങളുടെ നമ്പറിംഗ് ഫയലുകൾ ഹാജരാക്കുന്നതിന് പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും മുഴുവൻ ഫയലുകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആകെ 7 ഫയലുകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

3) ഹാജരാക്കിയ ഏതാനും ഫയലുകൾ പരിശോധിച്ചതിൽ നമ്പറിംഗ് നടത്തുന്നതിന് ആവശ്യമായ രേഖകൾ കൂടാതെയും കൃത്യമായ ഫയലിംഗോടു കൂടാതെയും കെട്ടിട നമ്പർ അനുവദിച്ച് നൽകിയതായി കാണുന്നു.

A) ശ്രീ.സജി തോമസ്, കെട്ടിട നം. 17/261 B എന്ന് വ്യക്തിയുടെ നമ്പറിംഗ് ഫയൽ പരിശോധിച്ചതിൽ വില്ലേജിൽ നിന്നുള്ള ഒറ്റത്തവണ നികുതി അടച്ചതിന്റെ രസീത് ഹാജരാക്കിയിട്ടില്ല. നിർമ്മാണ പെർമിറ്റ് കൊടുത്തതു മുതൽ കെട്ടിടത്തിന് നമ്പർ ഇടുന്നതു വരെയുള്ള നാൾവഴികൾ ഒറ്റ ഫയലായി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ടി ഫയലിൽ സ്ഥലത്തിന്റെ ആധാരം. പൊസഷൻ സർട്ടിഫിക്കറ്റ്. ലൊക്കേഷൻ സ്കെച്ച് എന്നീ രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല. നികുതി നിർണ്ണയത്തിനായി കെട്ടിട ഉടമയിൽ നിന്ന് വാങ്ങി സൂക്ഷിക്കേണ്ട ഫോറം 2 ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.22/20.01.2022 ന് മറുപടി ലഭിച്ചില്ല.

## 1-16 ലൈസൻസെടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205 (എ -കെ) എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ(60 ദിവസത്തിൽ കുറയാതെ തൊഴിലെടുത്ത) വരുമാനത്തിനനുസരിച്ചുള്ള തൊഴിൽ നികുതി ചുമത്താവുന്നതാണ്. ഇതിനായി ഓരോ വർഷവും നോട്ടീസ് മൂലം ഓഫീസ് മേധാവിയോടോ/തൊഴിലുടമയോടോ തന്റെ നിയന്ത്രണത്തിലുള്ള ജീവനക്കാരുടെ തൊഴിൽ നികുതി തിട്ടപ്പെടുത്തി നോട്ടീസിലെ പട്ടികക്കനുസൃതമായി നികുതി അടക്കുവാൻ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ 2020-21 ലേക്കുള്ള ലൈസൻസിനുള്ള അപേക്ഷ പരിശോധിച്ചതിൽ ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം പ്രതിപാദിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് ഇപ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിന് യാതൊരു നടപടികളും പഞ്ചായത്ത് കൈക്കൊണ്ടിട്ടില്ല. വിശദ വിവരം ചുവടെയുള്ള പട്ടികയിൽ ചേർക്കുന്നു. ലൈസൻസ് രജിസ്റ്ററിലെ ക്രമത്തിൽ അപേക്ഷകൾ സൂക്ഷിക്കാത്തതിനാലും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിനാലും കൃത്യമായ ലൈസൻസ് നമ്പറോ, പഞ്ചായത്ത് പരിധിയിൽ തൊഴിലെടുക്കുന്ന മുഴുവൻ സ്ഥാപനങ്ങളും അവരുടെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി പഞ്ചായത്തിൽ ഒടുക്കുന്നുണ്ടോ എന്നോ പരിശോധിക്കാൻ സാധിക്കുന്നില്ല.

| ക്രമ നം | ലൈസൻസ് നം | സ്ഥാപനത്തിന്റെ പേര്/കെട്ടിട നം | അപേക്ഷയിൽ പ്രസ്താവിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 129 | ലേക്ക് വ്യൂ റെസ്റ്റോറന്റ് / 5/154A,B | 3 |
| 2 | 70 | ചഫ് ഡാഡി ഫ്ലോർ മിൽ6/3A | 6 |
| 3 | 197 | എസ്.ആർ.എസ് ഫുഡ്സ് 6/4B | 4 |
| 4 | 196 | എഞ്ചിനീയറിംഗ് വർക്ക് ഷോപ്പ് 10/57 | 2 |
| 5 | 170 | റബ്ബർ ബാന്റ് നിർമ്മാണം 7/235A | 4 |
| 6 | 169 | റബ്ബർ ബാന്റ് നിർമ്മാണം 8/235 | 5 |
| 7 | | സർവ്വീസ് വില്ല 7/337 A-D | 3 |
| 8 | 204 | ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ് - 6/370 | 3 |
| 9 | | അമൽ ഇൻഡസ്ട്രീസ് 3/31 | 3 |
| 10 | 113 | മലയാറ്റൂർ റെസിഡൻസി 13/153 A | 9 |

| | | | |
|---|---|---|---|
| 11 | 27 | വാഹന ബോഡി ബിൽഡിംഗ് 16/365 | 9 |
| 12 | 28 | വാഹന റിപ്പയറിംഗ് 16/364 | 3 |
| 13 | 203 | ഫർണ്ണീച്ചർ നിർമ്മാണം 17/287B | 3 |
| 14 | 198 | സ്റ്റീൽ ഫർണ്ണീച്ചർ നിർമ്മാണം 10/182A | 4 |
| 15 | 200 | ഇമിറ്റേഷൻ ഓർണമെന്റ്സ് നിർമ്മാണം 12/483A | 5 |
| 16 | | എഞ്ചിനീയറിംഗ് വർക്സ് 9/189 | 3 |
| 17 | 68 | സ്റ്റീൽ ഫർണ്ണീച്ചർ നിർമ്മാണം 15/400A | 5 |
| 18 | 202 | ഇമിറ്റേഷൻ ഓർണമെന്റ്സ് നിർമ്മാണം 12/482 B-D | 25 |
| 19 | 38 | സൂപ്പർ മിനറൽസ് പാറമട 2/48,49 | 5 |
| 20 | 39 | സാന്ത്വനം ക്വാറി | 6 |
| 21 | 46 | പഞ്ചമി ഫുഡ് പ്രോഡക്റ്റ്സ് 13/373 | 4 |
| 22 | 158 | പ്രീമിയർ വയേഴ്സ് 16/152A | 4 |
| 23 | | നാഷണൽ ഡിസ്ട്രിബ്യൂട്ടേഴ്സ് 14/25 | 5 |
| 24 | 83 | കെ.സി വുഡ് ഇൻഡസ്ട്രീസ് 16/360 | 3 |
| 25 | 147 | അമർ ജ്യോതി പാക്കിംഗ് യൂണിറ്റ് 16/132A | 3 |
| 26 | 49 | അർച്ചന റബ്ബേഴ്സ് 6/70 | |
| 27 | | ജിമ്മീസ് റെസിഡൻസി 9/505 | 2 |
| 28 | | പന്തള ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് വർക്സ് 10/304 | 4 |
| 29 | 22 | ജിനോസ് പെട്രോളിയം 10/148 | 4 |
| 30 | | ഡ്രീം മേക്കർ സ്റ്റുഡിയോ 12/413 | 2 |
| 31 | | മരിയ പാക്കിംഗ് യൂണിറ്റ് 13/382A | 10 |
| 32 | | വി വൺ ഇൻഡസ്ട്രീസ് 6/46A | 6 |
| 33 | | റിയൽ പ്ലാസ്റ്റ് 6/46C | 5 |
| 34 | | ഗുരുദേവൻ ആന്റ് കമ്പനി 2/444 | 3 |
| 35 | | ലക്ഷ്മി ഇൻഡസ്ട്രീസ് 12/495 | 6 |
| 36 | | ബീവീജേ അസോസിയേറ്റ്സ് 6/46B | 4 |
| 37 | | പന്നി ഫാം 11/257B | 3 |
| 38 | | സിത്താര പ്ലാസ്റ്റിക്സ് 4/20 | 8 |
| 39 | | ഫ്രാൻസ്കോ അഗ്രോ ഫുഡ്സ് 3/37-39 | 9 |
| 40 | | ഫാത്തിമ ഗ്രാനൈറ്റ്സ് 6/ | 6 |
| 41 | | ഈസി ഫുഡ്സ് 4/39B,C | 4 |
| 42 | 12 | ഉപ്പത്തിൽ റൈസ് മിൽ 16/76 | 4 |
| 43 | | മട്ടാലക്കൽ ഇൻഡസ്ട്രീസ് ആന്റ് ഡിസ്ട്രിബ്യൂട്ടേഴ്സ് 3/100B | 3 |
| 44 | | സിജോ എഞ്ചിനീയറിംഗ് വർക്സ് 12/539 | 3 |
| 45 | | റിയൽ ഇമേജ് 4/198A | 9 |
| 50 | | മാതാ സിമന്റ് വർക്സ് 3/46 | 3 |
| 51 | | ടാസ് വെൻച്വർ 7/342 | 4 |
| 52 | 98 | സൂര്യ ഹോട്ടൽ 16/370c | 4 |

| | | | |
|---|---|---|---|
| 53 | | ശ്രീമുരുക മിൽ 15/294,295 | 3 |
| 54 | 43 | വീനസ് എഞ്ചിനീയറിംഗ് വർക്ക്സ് 16/181 | 6 |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി നം.15 / 18.01.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-17 ഇ-ടെണ്ടർ ഫോറത്തിന്റെ വില ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല.

മുൻകാലങ്ങളിലേത് ഉൾപ്പെടെ ഇ-ടെണ്ടർ ഫോറത്തിന്റെ വിലയായി പഞ്ചായത്തിന് ലഭിക്കേണ്ട തുക ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ലഭിക്കുന്നില്ല. ലഭ്യമാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ 17/01/2021 ലെ 54/AE/LSGD/MN/2021-22 നമ്പർ കത്ത് പ്രകാരം 2017-18 മുതൽ 2020-21 വർഷം വരെയുള്ള വർഷങ്ങളിലായി 101954/- രൂപ ലഭിക്കാനുള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | വർഷം | തുക |
|---|---|---|
| 1 | 2017-18 | 21700 |
| 2 | 2018-19 | 32770 |
| 3 | 2019-20 | 23420 |
| 4 | 2020-21 | 24064 |
| | ആകെ | 101954 |

അപാകതയ്ക്ക് നൽകിയ 14-01-22 -ലെ ഓഡിറ്റ് എൻക്വയറി നം. 7 ന് തുക കൈമാറുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയതായി അറിയിച്ചു. ആകെ ലഭിക്കാനുള്ള തുകയായ 101954/- രൂപയുടെ കൃത്യത ഉറപ്പുവരുത്തേണ്ടതും തുക പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കി വിശദാംശങ്ങളടക്കം അറിയിക്കേണ്ടതുമാണ്.

## 1-18 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

അസ്സസ്സ്മെന്റ് രജിസ്റ്റർ

തൻവർഷം പുതിയതായി വസ്തുനികുതി നിർണ്ണയം നടത്തുന്ന കെട്ടിടങ്ങളുടെ വിവരം അസ്സസ്സ്മെന്റ് രജിസ്റ്ററിൽ ചേർക്കുന്നില്ല. സഞ്ചയയിൽ ഫോം 6 വഴി സെക്രട്ടറി ഡിജിറ്റൽ സിഗ്നേച്ചർ ചെയ്ത് നികുതി നിർണ്ണയം നടത്തുന്നതിനാലാണ് രജിസ്റ്ററിൽ രേഖപ്പെടുത്താത്തത് എന്നാണ് പഞ്ചായത്തിന്റെ മറുപടി. അങ്ങനെയെങ്കിൽ ഓരോ വർഷത്തെയും വസ്തു നികുതി നിർണ്ണയത്തിന്റെ വിവരം വർഷാവസാനം സഞ്ചയയിൽ നിന്ന് വാർഡ് തിരിച്ച് പ്രിന്റ് എടുത്ത് ഓഡിറ്റിനായി ലഭ്യമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

തൊഴിൽ നികുതി രജിസ്റ്റർ

തൊഴിൽ നികുതി രജിസ്റ്ററിൽ രണ്ട് വർഷത്തെയും നികുതി അടച്ചതിന്റെ രസീത് നമ്പർ ചേർത്ത് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

ബാങ്ക് റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിനൊപ്പം അതാത് മാസത്തെ സാംഖ്യാ ബാങ്ക് ബുക്ക് പ്രിന്റെടുത്ത് സൂക്ഷിക്കേണ്ടതാണ്.

## 1-19 തൊഴിലുറപ്പ് പദ്ധതി- കരാറുകാരിൽ നിന്ന് ജി എസ് ടി- ടി ഡി എസ് കുറവുചെയ്തില്ല.

2020-21 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് മെറ്റീരിയൽ, ലേബർ എന്നിവ സപ്ലൈ ചെയ്യുന്നതിനായി റേറ്റ് കോൺട്രാക്ടിൽ ഏർപ്പെട്ടിട്ടുള്ളതായും തൻവർഷം ചെലവായ തുകയിൽ 43.91 ലക്ഷം രൂപ ഈ ഇനങ്ങളിൽ ചെലവായിട്ടുള്ളതായും കാണുന്നു.

കോൺട്രാക്ടർമാർക്ക് നൽകിയ തുകയുടെ വിശദാശങ്ങളും ജി എസ് ടി കുറവു ചെയ്തിട്ടുണ്ട് എങ്കിൽ അതിന്റെ വിശദാംശങ്ങളും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 17-01-22ലെ ഓഡിറ്റ് എൻക്വയറി നം 12 ന് ലഭ്യമാക്കിയ മറുപടി പ്രകാരം താഴെ ചേർത്ത കരാറുകാർക്ക് തൻവർഷം രണ്ടര ലക്ഷത്തിലധികം തുക കൈമാറിയിട്ടുണ്ട് എങ്കിലും ജി എസ് ടി കുറവു ചെയ്തിട്ടില്ല. വിവിധ പ്രവൃത്തികൾക്ക് മെറ്റീരിയൽ വിതരണം ചെയ്യുന്നതിനായി ഓരോ കരാറുകാരുമായി പ്രത്യേകം പ്രത്യേകം ഒരു റേറ്റ് കോൺട്രാക്ടിലാണ് ഏർപ്പെട്ടിട്ടുള്ളത്.

| പേര് | നൽകിയ തുക | ജി എസ് ടി ടി ഡി എസ് ചെയ്യേണ്ട തുക (2%) |
|---|---|---|
| റോബിൻസ് | 762844 | 15256 |
| തോമസ് എസ്.ഐ. | 530938 | 10619 |
| വർഗ്ഗീസ് | 382486 | 7650 |
| ആകെ | | **33525** |

കരാറുകാരിൽ നിന്ന് തുക ഈടാക്കി വിശദാംശങ്ങളടക്കം അറിയിക്കേണ്ടതാണ്.

## 1-20 സാമൂഹ്യ സുരക്ഷിതത്വ പെൻഷൻ-അപാകതകൾ

2020-21 ലെ ഗ്രാമ പഞ്ചായത്തിലെ മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി സാമൂഹ്യസുരക്ഷിതത്വപെൻഷൻ വിതരണം പരിശോധിച്ചതിൽ, ഗുണഭോക്താക്കൾ തുകകൾ കൈപ്പറ്റിയത് സംബന്ധിച്ച് അപാകതകൾ കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിൻെറ പേര്, ആധാർ നം. | മരണപ്പെട്ട തീയതി, പെൻഷൻ ഇനം | പെൻഷൻ സ്റ്റാറ്റസ് | അപാകത |
|---|---|---|---|---|
| 1 | ത്രേസ്യാകുട്ടി വർഗീസ്, 257490069414 | 22.11.2020, വാർധക്യ പെൻഷൻ | 18-6-21 മുതൽ സസ്പെൻഡ് ചെയ്തു | 5/2021 വരെയുള്ള പെൻഷൻ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 2 | പാപ്പ ശേഖരൻ, 995383665363 | 17.10 2020, വാർധക്യ പെൻഷൻ | 18-6-21 മുതൽ സസ്പെൻഡ് ചെയ്തു | 5/2021 വരെയുള്ള പെൻഷൻ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 3 | ഫിലോമിന ചാക്കു, 762913049403 | 28-10-2020, വിധവ പെൻഷൻ | നിലവിലും ആക്ടീവ് ആയി തുടരുന്നു . | 12/2021 വരെയുള്ള പെൻഷൻ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 4 | സുമതി രാഘവൻ 495548205253 | 15-10-2020, വാർധക്യ പെൻഷൻ | 18-6-21 മുതൽ സസ്പെൻഡ് ചെയ്തു. | 5/2021 വരെയുള്ള പെൻഷൻ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 5 | ഏല്യ വറീത്, 936185927633 | 24-10-2020, വാർധക്യ പെൻഷൻ | 18-6-21 മുതൽ സസ്പെൻഡ് ചെയ്തു. | 5/2021 വരെയുള്ള പെൻഷൻ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| 6 | ദേവസ്സി പൌലോ, 291166327403 | 15-9-2020 വാർധക്യ പെൻഷൻ | 18-6-21 മുതൽ സസ്പെൻഡ് ചെയ്തു. | 5/2021 വരെയുള്ള പെൻഷൻ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |

മേൽ സൂചിപ്പിച്ച ഉദാഹരണങ്ങളിൽ നിന്ന് മരണപ്പെടുന്നവരുടെ അക്കൗണ്ടുകൾ യഥാസമയം സസ്പെൻറ് ചെയ്യപ്പെടുന്നുണ്ടോ എന്ന് ഉറപ്പാക്കാതെ നിരുത്തരവാദപരമായാണ് നിലവിൽ പെൻഷൻ വിതരണം കൈകാര്യം ചെയ്യപ്പെടുന്നത് എന്ന് വ്യക്തമാകുന്നു. പഞ്ചായത്ത് ഡയറക്ടറുടെ 28-9-19 ലെ സർക്കുലർ നം PAN/2021/2019-DBT-1(DP) പ്രകാരം പെൻഷണർ മരണപ്പെട്ടതായി സ്ഥാപനത്തിൽ അറിയുന്ന അവസരത്തിൽ തന്നെ അന്വേഷണം നടത്തി പെൻഷൻ റദ്ദ് ചെയ്യേണ്ടതാണ് എന്ന് നിർദേശിച്ചിട്ടുള്ളതാണ്.

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും മരണപ്പെടുന്നവരുടെ സേവനപെൻഷൻ യഥാസമയം നിർത്തലാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 19-01-2022 ലെ ഓഡിറ്റ് എൻക്വയറി നം 18 ന് മറുപടി നൽകിയില്ല. മരണപ്പെട്ടവരുടെ എല്ലാവരുടേയും പെൻഷൻ അക്കൗണ്ടുകൾ പരിശോധിച്ച് അധികമായി നൽകിയ പെൻഷൻ തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതുമാണ്.

## 1-21 വിനിയോഗിക്കാതെ അവശേഷിക്കുന്ന തുകകൾ തിരികെ ഈടാക്കേണ്ടതാണ്

2020-21 സാമ്പത്തിക വർഷം മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്തിലെ

17 വാർഡുകളിലെയും വാർഡ് തല സാനിട്ടേഷൻ സമിതികളിലേക്ക് വാർഡൊന്നിന് ₹10000/- വീതം ആകെ ₹170000/-(വൗച്ചർ നം. 2200077/02.05.2020) കൈമാറിയിട്ടുണ്ട്. ഈ തുകയുടെ വിനിയോഗ വിവരങ്ങൾ പരിശോധിച്ചതിൽ, വാർഡ് 6, വാർഡ് 7 എന്നിവ ₹9550/- വീതം ആണ് വിനിയോഗിച്ചിട്ടുള്ളത്. വാർഡ് 11 ൽ വിനിയോഗിച്ചിട്ടുള്ളത് ₹8710/- ആണ്. ഈ വാർഡുകളിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുകകൾ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2020-2021 സാമ്പത്തിക വർഷം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിൽ താഴെപ്പറയും പ്രകാരം തുക നിക്ഷേപിച്ചിട്ടുണ്ട്.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ / തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | തെരുവു വിളക്ക് സ്ട്രീറ്റ് ലൈൻ വലിക്കൽ-224/21 | 22000904/ 09-11-2020 | 106908 | 0 | 106908 |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-077/2021 | 21000904/ 18-03-2021 | 1000000 | 0 | 1000000 |
| | ആകെ | | 1106908 | | 1106908 |

മേൽപ്പറഞ്ഞ പ്രകാരം നിക്ഷേപിക്കപ്പെട്ട തുക ബന്ധപ്പെട്ട പ്രൊജക്ടുകൾക്കായി ചെലവഴിക്കപ്പെട്ടതായുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ ആകെ നിക്ഷേപിച്ച ചെലവ് തുക 11,06,908 /- രൂപ തടസ്സപ്പെടുത്തുന്നു. മുൻവർഷങ്ങളിലും കെ.എസ്.ഇ.ബി., കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിൽ താഴെപ്പറയുന്ന പ്രൊജക്ടുകൾക്കായി നിക്ഷേപിച്ച തുകയ്ക്ക് പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക 31/03/2019 വരെ |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ പ്രൊ.നം. 016/16) | 21500881/ 08-03-2016 | 383670 | 0 | 383670 |
| | സ്ട്രീറ്റ് ലൈൻ വലിക്കൽ പ്രൊ.നം. 153/17) | 21600941/ 28-03-2017 | 1018300 | 0 | 1018300 |
| | സ്ട്രീറ്റ് ലൈൻ വലിക്കൽ പ്രൊ.നം. 012/18) | 21701110/ 31-03-2018 | 1577235 | 0 | 1577235 |
| | സ്ട്രീറ്റ് ലൈൻ വലിക്കൽ പ്രൊ.നം. 135/19) | 21801141/ 31-03-2019 | 1100000 | 0 | 1100000 |
| | ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കൽ (പ്രൊ. നം. | 21901002/ 19/03/2021 | 5500 | 0 | 5500 |
| | ആകെ | | 4084705 | 0 | 4084705 |
| കേരളവാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (പ്രൊ.നം. | 21600944/ 02/03/2017 | 90,000 | 0 | 90,000 |

| | | | | |
|---|---|---|---|---|
| 145/17) | | | | |
| കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (പ്രൊ.നം. 146/17) | 21600983/ 13/03/2017 | 73000 | 0 | 73000 |
| കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (പ്രൊ.നം. 147/17) | 21600997/ 13/03/2017 | 118000 | 0 | 118000 |
| കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (പ്രൊ.നം. 154/17) | 21601107/ 28/03/2017 | 120000 | 0 | 120000 |
| കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (പ്രൊ.നം. 066/18) | 21701220/ 31/03/2018 | 700000 | 0 | 700000 |
| കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (പ്രൊ.നം. 157/20) | 21900478/ 31/03/2020 | 1075000 | 0 | 1075000 |
| ആകെ | | 21,76,000 | 0 | 21,76,000 |

മുൻവർഷങ്ങളിലെയും, 2020-2021 സാമ്പത്തിക വർഷം നിക്ഷേപിച്ചതും ഉൾപ്പെടെ KSEB-യിൽ 41,91,613/-രൂപയും, KWAയിൽ 31,76,000/- രൂപയും 31/03/2021 ൽ ചെലവഴിക്കാൻ ബാക്കിയുള്ളതായി ബാലൻസ് ഷീറ്റിൽ നീക്കിയിരുപ്പുണ്ട്. ആകെ മേൽസ്ഥാപനങ്ങളിൽ നാളിതുവരെ നിക്ഷേപിച്ചിട്ടുള്ള ആകെ തുകയും ചെലവഴിച്ചതായി ഉറപ്പുവരുത്തി ബന്ധപ്പെട്ട ഏജൻസികളിൽ നിന്ന് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 നഗരസഞ്ചയ പദ്ധതി - പ്രൊജക്ട് നിർവ്വഹണത്തിലെ കാലതാമസം ഒഴിവാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ടിന്റെ പേര്, നമ്പർ | നഗരസഞ്ചയ - കുടിവെള്ള പദ്ധതി-മലയാറ്റൂർ - നീലീശ്വരം ഗ്രാമപഞ്ചായത്ത് S0283/21 |
| അടങ്കൽ തുക | 14,00,000/- (കൊച്ചി കോർപ്പറേഷൻ വിഹിതം ) |
| ചെലവ് തുക | 14,00,000/- (കൊച്ചി കോർപ്പറേഷൻ വിഹിതം ) ട്രഷറി ബിൽ നം. 40/2020-21തീയതി. 16/03/2021 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

കൊച്ചി കോർപ്പറേഷനിലെയും, അതിനോട് അടുത്തുകിടക്കുന്നതും കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നതുമായ എറണാകുളം ജില്ലയിലെ 14 ഗ്രാമപഞ്ചായത്തുകളിലെയും ഖരമാലിന്യ സംസ്കരണം, കുടിവെള്ള വിതരണം, എന്നീ മേഖലകളിലെ ആവശ്യകതകൾ പരിഹരിക്കുന്നതിനായി കൊച്ചി കോർപ്പറേഷന് ലഭിച്ച കേന്ദ്ര ധനകാര്യക്കമ്മീഷൻ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് വിഹിതത്തിൽ നിന്ന് 14,00,000/- രൂപ മലയാറ്റൂർ - നീലീശ്വരം ഗ്രാമപഞ്ചായത്തിന് 2020-2021 സാമ്പത്തികവർഷത്തിൽ ട്രാൻസ് ഫർ ക്രഡിറ്റ് ചെയ്ത് നല്കിയിരുന്നു. 05/11/2020 ലെ 1(3) തീരുമാനപ്രകാരം ടി തുക കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഈ തുക ഉപയോഗിച്ച് "Supply And Erruction Of 20 HP VT Pump Set, Rennovation Of Civil Structure Of RWSS To Cheethappara And Aliied Works" - എന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതിനാണ് KWA എസ്റ്റിമേറ്റ് നല്കിയിരിക്കുന്നത്. ഈ പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട്

എൻക്വയറി നം. 02/20-21 ആയി ഓഡിറ്റ് അന്വേഷണം നല്കിയിരുന്നു.

എന്നാൽ ഇത് സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ പ്രൊജക്ടിൽ നടപ്പാക്കാൻ ഉദ്ദേശിച്ച പ്രവർത്തിയുടെ പൂർത്തീകരണ കാലാവധി, അതിന്റെ പരിപാലനം എന്നിവ സംബന്ധിച്ച് കൊച്ചി കോർപ്പറേഷനുമായോ, കേരള വാട്ടർ അതോറിറ്റിയുമായോ കരാർ ഉടമ്പടിയോ, മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗോ ഗ്രാമപഞ്ചായത്ത് ഒപ്പു വെച്ചിട്ടില്ല. 04/11/2020ൽ ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സമർപ്പിച്ച പ്രൊജക്ടിന് ജില്ലാ ആസൂത്രണസമിതി അംഗീകാരം നല്കുകയും, കൊച്ചി കോർപ്പറേഷൻ വിഹിതം കൈമാറാൻ തയ്യാറാകുകയും ചെയ്തിട്ടും 16/03/2021 ൽ മാത്രമാണ് തുക വാട്ടർ അതോറിറ്റിയിൽ നിക്ഷേപിക്കുന്നത്. നിലവിൽ പദ്ധതി പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്നതിനും പഞ്ചായത്ത് മറുപടി നല്കിയില്ല.

കേന്ദ്ര ധനകാര്യക്കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗത്തിന് കൃത്യമായ കാലപരിധി ബാധകമായതിനാൽ പദ്ധതി പ്രവർത്തനത്തിൽ ഉണ്ടാകുന്ന കാലവിളംബവും, മോണിറ്ററിംഗിന്റെ അഭാവവും ഭാവിയിൽ ഇത്തരം ഗ്രാന്റുകളുടെ ലഭ്യതയെ പ്രതികൂലമായി ബാധിക്കും. കൂടാതെ കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പഞ്ചായത്ത് പ്രദേശത്ത് അംഗീകാരം കിട്ടിയ ഒരു കുടിവെള്ള വിതരണപദ്ധതിക്ക് ഫണ്ട് ലഭ്യമായിട്ടും, കുടിവെള്ള വിതരണപദ്ധതി അനിശ്ചിതമായി കാലതാമസം വരുത്താതിരിക്കാൻ പഞ്ചായത്ത് ഭരണസമിതി അടിയന്തിരപ്രധാന്യം നല്കേണ്ടതാണ്.

## 1-24 പൊതു കാനകൾ വൃത്തിയാക്കൽ- പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്ടിന്റെ പേര് , നമ്പർ | പൊതു കാനകൾ വൃത്തിയാക്കൽ S262/20 |
| അടങ്കൽ തുക | 3,97,720/- (Dev. Fund Gen) |
| ചെലവ് തുക | 3,97,720/- (Dev. Fund Gen) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

മലയാറ്റൂർ - നീലീശ്വരം ഗ്രാമപഞ്ചായത്തിൽ പൊതു കാനകൾ വൃത്തിയാക്കുന്നതിനായി വികസന ഫണ്ടിൽ നിന്ന് 3,97,720/- രൂപ വകയിരുത്തി 2019-2020 വർഷത്തിൽ പ്രൊജക്ട് ആവിഷ്ക്കരിച്ചിരുന്നു. ഈ പദ്ധതിയുടെ ഭാഗമായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. എസ്.ഐ. തോമസ്സ്, ശങ്കരിക്കൽ എന്നയാൾ സമർപ്പിച്ച ക്വട്ടേഷൻ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് നല്കിയിരുന്നു. ഈ ക്വട്ടേഷൻ പ്രകാരം പഞ്ചായത്തിലെ വിവിധ വാർഡുകളിലെ കാനകൾ വൃത്തിയാക്കുന്നതിന് സ്ലാബുകൾ മാറ്റി കാന ക്ലീനിംഗിന് 250/ Meter നിരക്കിലും, സ്ലാബില്ലാത്ത കാനകൾ വൃത്തിയാക്കുന്നതിന് 180/meter നിരക്കിലും ആണ് ക്വാട്ട് ചെയ്തിരിക്കുന്നത്.

2020-2021 സാമ്പത്തികവർഷം സ്പിൽഓവറായി പൂർത്തിയാക്കിയ ഈ പ്രൊജക്ടിൽ കരാറുകാരൻ ടി പ്രവൃത്തി പൂർത്തീകരിച്ചതായി നല്കിയ കത്തിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് താഴെപ്പറയുന്ന നിരക്കിൽ തുക നല്കിയിട്ടുണ്ട്.

| പ്രവൃത്തി | നിരക്ക് | പ്രവൃത്തിയുടെ അളവ് | നല്കിയ തുക |
|---|---|---|---|
| സ്ലാബുകൾ മാറ്റി കാനകൾ വൃത്തിയാക്കൽ | 250/ Meter | 393 മീറ്റർ | 98,250/- |
| സ്ലാബില്ലാത്ത കാനകൾ വൃത്തിയാക്കൽ | 180/meter | 1683 മീറ്റർ | 3,02,940/- |
| | ആകെ | | 4,01,190/- |
| കരാറുകാരന് നല്കിയ തുക (Limited To Estimate Amount) | | 3,97,720/- | ട്രഷറി ബിൽ നം. 22/20-21 തീയതി. 11/11/2020 |

ഈ പ്രൊജക്ട് ചെലവ് സംബന്ധിച്ച കാര്യങ്ങളിൽ വിശദീകരണം നല്കേണ്ടതാണെന്നാവശ്യപ്പെട്ട് എൻക്വയറി നം. 04/20-21 നല്കിയിരുന്നു.

1) കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത്) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം മരാമത്ത് പ്രവൃത്തികൾക്ക് മുൻകൂറായി എസ്റ്റിമേറ്റ് തയ്യാറാക്കുകയും, ടി എസ്റ്റിമേറ്റിന് ക്ഷമതയുള്ള എൻജിനീയർ സാങ്കേതികാനുമതി നല്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലായിരിക്കണം പ്രവൃത്തി ടെൻഡർ / ക്വട്ടേഷൻ ക്ഷണിക്കേണ്ടത്.

ഇവിടെ മേൽപ്പറഞ്ഞ ടെൻഡർ/ ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

2) പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് സൈറ്റ് കൈമാറി നല്കിയാൽ പ്രസ്തുത പ്രവൃത്തി വിവിധ ഘട്ടങ്ങൾ ഓവർസീയർ/ എൻജിനീയർ അളവ് പുസ്തകത്തിൽ ക്രമാനുഗതമായി ചേർക്കേണ്ടതും, പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് അളവുകൾ ചെക്ക് മെഷർ ചെയ്യേണ്ടതും, ബില്ല് തയ്യാറാക്കി സമർപ്പിക്കേണ്ടതുമാണ്.

ഈ പ്രവൃത്തി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുകയോ, ബില്ല് നിശ്ചിത ഫോറത്തിൽ തയ്യാറാക്കി സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

3) മേൽപ്പറഞ്ഞ പ്രവൃത്തി പൂർത്തിയായതായി കരാറുകാരൻ നല്കിയ കത്തിന്റെ അടിസ്ഥാനത്തിൽ മാത്രം തുക നല്കുവാൻ സാധ്യമല്ലെന്ന് സെക്രട്ടറി നോട്ട് എഴുതിയതിന്റെ അടിസ്ഥാനത്തിൽ എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എൻജിനീയർ കാന ക്ലീൻ ചെയ്തതിന്റെ അളവ് സാക്ഷ്യപ്പെടുത്തി നല്കി. ആയത് പ്രകാരമാണ് കരാറുകാരന് തുക നല്കിയത്.

A)ഏതൊക്കെ വാർഡുകളിൽ എത്ര ചെയിനേജ് കാന ക്ലീൻ ചെയ്തു എന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തലുകൾ വരുത്താതെയാണ് അളവ് സാക്ഷ്യപ്പെടുത്തിയത്.

B) കാന ക്ലീനിംഗിന് എൽ.എസ്.ജി.ഡി പ്രൈസ് സോഫ്റ്റ്‌വെയർ പ്രകാരം ഡാറ്റായും, നിരക്കും ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിലാണ് എൻജിനീയർ അളവുകൾ സാക്ഷ്യപ്പെടുത്താൻ പാടുള്ളൂ. മേൽ നിബന്ധനകൾ പാലിക്കാതെ കരാറുകാരൻ പറഞ്ഞ അളവ് സാക്ഷ്യപ്പെടുത്തി നല്കിയത് അംഗീകരിച്ച് സെക്രട്ടറി തുക നല്കിയത് മരാമത്ത് ചട്ടങ്ങളുടെ ലംഘനമായി കണക്കാക്കാവുന്നതാണ്.

2020-2021 സാമ്പത്തികവർഷത്തിലും പൊതു കാന ശുചീകരണം ( പ്രൊ.നം. S114/21) എന്ന പ്രൊജക്ടിന് 4,00,000/- രൂപ അടങ്കൽ വകയിരുത്തി അംഗീകാരം വാങ്ങി മേൽപ്പറഞ്ഞ പ്രകാരം തന്നെ നടപ്പാക്കിയിട്ടുണ്ട്. ഇതേ കരാറുകാരൻ തന്നെ സ്ലാബ് മാറ്റി കാന ക്ലീനിംഗിനും, തുറസ്സായ കാന ക്ലീനിംഗിനും യഥാക്രമം 350/meter, 215/meter നിരക്കിൽ ക്വാട്ട് ചെയ്ത് പ്രവൃത്തി ഏറ്റെടുത്ത് 4,00,000/- രൂപ കൈപ്പറ്റിയിട്ടുണ്ട്.

A) ഈ പ്രവൃത്തിയിലും മുൻപറഞ്ഞ അപാകതകൾ തന്നെ ആവർത്തിക്കുന്നു. കൂടാതെ ഒരേ വർഷം ചെയ്ത ഒരേയിനം പ്രവൃത്തിക്ക് രണ്ട് നിരക്കുകൾ ആണ് ക്വാട്ട് ചെയ്ത് പ്രവൃത്തി ചെയ്തിരിക്കുന്നത്. ഈ നിരക്കുകൾ എന്തടിസ്ഥാനത്തിലാണ് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചത് എന്ന് വ്യക്തമാകുന്നില്ല.

B) ഈ രണ്ട് പ്രവൃത്തികളിലും ഒരേ പ്രദേശത്തെ കാനകൾ ആണോ ക്ലീനിംഗ് നടത്തിയിരിക്കുന്നത് എന്നോ, ഓരോ വാർഡിലും എത്ര ചെയിനേജ് കാന ക്ലീൻ ചെയ്തു എന്നോ വ്യക്തതയില്ല.

C) രണ്ട് പ്രവൃത്തികളിലും മോണിറ്ററിംഗ് കമ്മിറ്റി അവലോകനം നടത്തിയതായി രേഖകൾ ഇല്ല.

ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്ത് സെക്രട്ടറി നല്കിയ മറുപടിയിൽ മേൽപ്പറഞ്ഞ പ്രവൃത്തികൾ അടിയന്തിരസ്വഭാവത്തിൽപ്പെട്ടതുകൊണ്ടാണ് ചട്ടങ്ങൾ പാലിക്കാതെ ചെയ്തത് എന്നാണ് വിശദീകരിച്ചിരിക്കുന്നത്.

മഴക്കാല പൂർവ്വശുചീകരണത്തിന്റെ ഭാഗമായും, കൊതുകുനിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായും, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായും പഞ്ചായത്ത് പ്രദേശത്തെ കാനകൾ വൃത്തിയാക്കേണ്ടത് അടിയന്തിരപ്രാധാന്യമുള്ള പ്രവൃത്തിയാണെങ്കിലും, ഇത് മുൻകൂട്ടി കണ്ട് പ്രൊജക്ടുകൾ ആവിഷ്കരിക്കാനും, നിർവ്വഹണക്കലണ്ടറിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും കഴിയുമായിരുന്നു. ഇത്തരം പ്രവൃത്തികൾ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത്) ചട്ടങ്ങളിലെയും, പി.ഡബ്ല്യു.ഡി മാന്വലിലെയും വ്യവസ്ഥകളും, നിബന്ധനകളും പാലിച്ചുകൊണ്ടായിരിക്കണം നിർവ്വഹണം നടത്തേണ്ടത് എന്നത് പഞ്ചായത്ത് ഭരണനിർവ്വഹണാധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-25 CFLTC – ബാങ്കിൽ നിന്ന് തുക പിൻവലിച്ചത് വിശദാംശങ്ങൾ ലഭ്യമല്ല

യൂണിയൻ ബാങ്ക് അക്കൗണ്ട് നം. 340502010021288 (CFLTC Account) – ൽ നിന്നും 20-10-20-ൽ ചെക്ക് നം 77951 പ്രകാരം സെൽഫ് ചെക്കായി 5,000/- രൂപ പിൻവലിച്ചിട്ടുണ്ട്. ഇത് കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതിന്റെ ചെലവിന്റെ വിശദാംശങ്ങളും ലഭ്യമല്ല. ഈ അപാകതയ്ക്ക് മറുപടി നൽകേണ്ടതാണ്.
ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയായി ഈ തുക ചെലവഴിച്ച ബില്ലുകൾ ഓഡിറ്റിന് ഹാജരാക്കി. ബന്ധപ്പെട്ട സെക്ഷൻ ക്ലർക്ക് കോവിഡ് ബാധിച്ച് ഓഫീസിൽ ഹാജരാകുവാൻ സാധിക്കാത്തതിനാലാണ് ഇത് കാഷ് ബുക്കിൽ രേഖപ്പെടുത്താൻ വിട്ടു പോയതും ഇതിന്റെ ബില്ല് ഹാജരാക്കാൻ വൈകിയത് എന്നാണ്.
മറുപടി പൂർണമല്ല. ആ ദിവസങ്ങളിൽ ഈ തുക ഒഴിച്ച് എല്ലാ ചെലവുകളും കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് ഒഴിച്ച് എല്ലാ വൗച്ചേഴ്സും ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. ബാങ്കിൽ നിന്ന് പിൻവലിക്കുന്ന തുകകൾ അതാത് ദിവസം തന്നെ ക്യാഷ്ബുക്കിൽ ചേർക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 കൂടിയ തുകയ്ക്ക് വെയിങ്ങ് മെഷിൻ വാങ്ങി

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | എസ് 285/21, ആയുർവേദ ആശുപത്രിക്ക് പ്രിന്ററും ഡിജിറ്റൽ വെയിങ്ങ് മെഷിനും വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ആയുർവേദം |

| | |
|---|---|
| അടങ്കൽ | 25000/- (വികസന ഫണ്ട്- ജനറൽ ) |
| ചെലവ് | 23520/-(ബിൽ നം 8/20-21 തീ 5-3-21) |

2020-21 വർഷം വെയിങ്ങ് മെഷിൻ വാങ്ങുന്നതിനും പ്രിന്റർ വാങ്ങുന്നതിനുമായി മേൽ പദ്ധതി പ്രകാരം 23520/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ വെയിങ്ങ് മെഷിൻ വാങ്ങുന്നതുമായി ബന്ധപ്പെട്ട് മൂന്ന് ക്വട്ടേഷൻ ലഭിച്ചതിൽ ഏറ്റവും കുറഞ്ഞ വിലയ്ക്ക് ക്വാട്ട് ചെയ്ത (3850/-)മേജർ ട്രേഡേഴ്സ് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങുന്നതിന് പകരം ഏറ്റവും കൂടിയ തുകയ്ക്ക് (9250/-) ക്വാട്ട് ചെയ്ത എൽകോൺ ഡിജിറ്റൽ സിസ്റ്റം എന്ന സ്ഥാപനത്തിൽ നിന്ന് ഗുണമേൻമയുടെ അടിസ്ഥാനത്തിൽ വാങ്ങാൻ തീരുമാനിച്ചതായി കാണുന്നു. ഇത്തരത്തിൽ കൂടിയവിലയ്ക്ക് വാങ്ങിയതിനു വിശദീകരണം നൽകേണ്ടതും ഗുണമേൻമ നിശ്ചയിച്ചതിന്റെ അടിസ്ഥാനം അറിയിക്കേണ്ടതുമാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 18-11-22ലെ എൻക്വയറി നം 14 ന് ക്വട്ടേഷനിൽ വാറണ്ടി കാലഘട്ടം പാലിച്ചത് എൽകോൺ ഡിജിറ്റൽ സിസ്റ്റം എന്ന സ്ഥാപനം മാത്രമാണ് എന്നും ആലുവ ലീഗൽ മെട്രോളജി ഓഫിസിൽ ഫോൺ വഴി ബന്ധപ്പെട്ടപ്പോൾ മേൽ സ്ഥാപനത്തിന്റെ മെഷിന് കേടുപാടുകൾ സംഭവിക്കാനുള്ള സാധ്യത കറവാണെന്ന അഭിപ്രായത്തിന്റേയും അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ വാങ്ങൽ നടത്തിയിട്ടുള്ളത് എന്നാണ് അറിയിച്ചത്.

വാങ്ങലുകൾക്ക് ക്വട്ടേഷൻ നിബന്ധനകൾ പാലിക്കുന്ന മൽസരാധിഷ്ഠിതമായ ഒന്നിൽ കൂടുതൽ ക്വട്ടേഷനുകൾ എങ്കിലും ലഭിയ്ക്കുന്നു എന്ന് ഉറപ്പവരുത്തേണ്ടതാണ്. ലഭിച്ച ക്വട്ടേഷനുകളിൽ ഒന്ന് മാത്രം നിബന്ധനകൾ പാലിച്ചിട്ടുള്ളു എന്ന മറുപടി തൃപ്തികരമല്ല. നിശ്ചിത ഗുണമേൻമ ക്വട്ടേഷനിൽ തന്നെ നിഷ്കർച്ചിട്ടുള്ളതിനാൽ മറ്റുള്ള അഭിപ്രായങ്ങൾക്ക് പ്രസക്തിയില്ല. കുറഞ്ഞ വിലയും കൂടിയ വിലയും തമ്മിൽ ഗണ്യമായ വ്യത്യാസം ഉള്ളതിനാൽ (2.4 ഇരട്ടി) കുറഞ്ഞ വിലയ്ക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തോട് വാറന്റി കാലഘട്ടം ക്വട്ടേഷൻ നിബന്ധന പ്രകാരമാണെങ്കിലുള്ള വില ആരായാവുന്നതായിരുന്നു. ഭാവിയിൽ വാങ്ങലുകളിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-27 മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | എസ് 92/21, പി എച്ച് സിക്ക് മരുന്ന് വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പിഎച്ച്സി |
| അടങ്കൽ | 6,00,000/- (മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് ) |
| ചെലവ് | 5,98,851/- |

2020-21 വർഷം മരുന്ന് വാങ്ങുന്നതിന് ആകെ ചെലവ് തുകയിൽനിന്ന് 124949/- രൂപ കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡിന് പ്രൊഫോർമ ഇൻവോയ്സ് PRF6370 തീ18-3-21 പ്രകാരം (BRN -2011095201730132448 1 Dt 23-03-2021) കൈമാറിയെങ്കിലും മരുന്നുകൾ ഇതുവരെ ലഭ്യമായിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 18-01-2022 ലെ ഓഡിറ്റ് എൻക്വയറി നം 13 നുള്ള മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചതായും ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണ് എന്നും അറിയിച്ചു. മരുന്നുകൾ ലഭ്യമാകുന്നതുവരെ 124949/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 ഹെഡ്മാസ്റ്റർ ഗവൺമെന്റ് എൽ പി സ്കൂൾ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

1. പത്താംതരം ഹയർ സെക്കണ്ടറി തുല്യതാ പഠനം എന്ന പദ്ധതിക്കായി (1പ്രോജക്ട് നം-102/21, അടങ്കൽ-25000- വികസന ഫണ്ട്- ജനറൽ, ചെലവ്-25000) 5 പത്താംതരം തുല്യതാ പഠിതാക്കൾക്കായി 9250/രൂപയും (5x1850) 7 ഹയർ സെക്കണ്ടറി തുല്യതാ പഠിതാക്കൾക്കായി 15170/- രൂപയും(7x2250) കൂടി ആകെ 25000/- രൂപ(ബിൽ നം-3/20-21 തീ-27-3-21) ജില്ലാ സാക്ഷരതാ മിഷൻ അതോറിറ്റി എറണാകുളം ഓഫീസിലേക്ക് നൽകിയിട്ടുള്ളതാണ്. പഠിതാക്കൾ കോഴ്സ് പൂർത്തീകരിച്ചതിന്റേയും പരീക്ഷ എഴുതിയതിന്റേയും വിശദാംശങ്ങളും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്.

2. പ്രോജക്ട് നം 103/21 എസ് എസ് എ വിഹിതം(അടങ്കൽ-351631/വികസന ഫണ്ട്- ജനറൽ, ചെലവ്-351631/) എന്ന പദ്ധതി പ്രകാരം 351631/-രൂപ(ബിൽ നമ്പർ 1/20-21/തീ 9-03-21) എസ് എസ് കെ ജില്ലാ പ്രോജക്ട് എറണാകുളം ഓഫിസിലേക്ക് അടവാക്കിയിട്ടുള്ളതാണ്. ഈ തുകക്കുള്ള വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കേണ്ടതാണ്.

വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 18-01-2022 ലെ ഓഡിറ്റ് എൻക്വയറി നം 16 ന് മറുപടി

നൽകിയില്ല. വിശദാംശങ്ങൾ ലഭ്യമാക്കുന്നതുവരെ 376631/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-29 തൊഴിലുറപ്പ് പദ്ധതി-അധിക നിരക്കിൽ തുക നൽകി

2020-21 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പുത്തൻകുളം ബാക്കി ഭാഗം റോഡ് കട്ടവിരിക്കൽ എന്ന പ്രവൃത്തിയ്ക്ക് മെറ്റീരിയൽ വിതരണം ചെയ്യുന്നതിന് കോൺട്രാക്ടറുമായി ഏർപ്പെട്ട റേറ്റ് കോൺട്രാക്ടിൽ പറഞ്ഞിട്ടുള്ള നിരക്കിനേക്കാൾ കൂടിയ നിരക്കിൽ പ്രവൃത്തി മൂല്യം കണക്കാക്കി തുക നൽകിയിട്ടുള്ളതായി കാണുന്നു. ശ്രീ ജിതിൻ സേവ്യറുമായി 02-11-20 മുതൽ 6 മാസക്കാലത്തേയ്ക്ക് ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരമുള്ള നിരക്കിനെക്കാൾ കൂടുതലായി എസ്റ്റിമേറ്റ് നിരക്കിൽ തുകനൽകിയതിനും ഇത്തരത്തിൽ മറ്റു പ്രവൃത്തികൾക്കും കൂടിയ നിരക്കിൽ തുക നൽകിയതിനും വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 17-01-2022 ലെ ഓഡിറ്റ് എൻക്വയറി നം 10 ന് നൽകിയ മറുപടിയിൽ കരാറിൽ ഏർപ്പെട്ട ടെണ്ടർ ഫോമിൽ എസ്റ്റിമേറ്റ് റേറ്റിൽ ക്വോട്ട് ചെയ്തിരുന്നതുമൂലം എസ്റ്റിമേറ്റ് റേറ്റിലാണ് തുക നൽകിയിരുന്നത് എന്നും സെക്യുവർ സോഫ്റ്റ്‌വെയറിൽ റേറ്റ് അപ്ഡേഷൻ വന്നതുമൂലം എസ്റ്റിമേറ്റ് റേറ്റ് കൂടിയതുകൊണ്ടാണ് ഇത്തരത്തിൽ അപാകത ഉണ്ടായതെന്നാണ് അറിയിച്ചത്. ഏർപ്പെട്ട കരാറിൽ 6 മാസക്കാലത്തേയ്ക്ക് വിതരണം ചെയ്യുന്ന നിരക്ക് ക്വോട്ട് ചെയ്തിട്ടുള്ളതിനാൽ മേൽ മറുപടി തൃപ്തികരമല്ല. ഭാവിയിൽ കരാറിൽ ഏർപ്പെട്ട റേറ്റിൽ തന്നെ തുക നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 10.01.2022 മുതൽ 21.01.2022 | 2020-2021 വാർഷികഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയത്. |

അപാകതകൾ ഖണ്ഡിക 1-2-1 ൽ ചേർത്തിട്ടുണ്ട്.

### 4-2 സംയുക്തപ്രൊജക്ടുകളുടെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | തൻവർഷം ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | 2019-20 ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1200000 | ലൈഫ് ഭവന പദ്ധതി ( ജനറൽ) | 1200000 | 0 |
| | 2020-21 | 325000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠനസഹായം | 325000 | 0 |
| | 2020-21 | 100000 | ലൈഫ് ഭവന പദ്ധതി ( എസ്.സി.) | 100000 | 0 |
| | ആകെ | 1625000 | | 1625000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 255000 | നെൽക്കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 255000 | 0 |
| | 2020-21 | 325000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠനസഹായം | 325000 | 0 |

| | | | | | |
|---|---|---|---|---|---|
| | ആകെ | 580000 | | 580000 | 0 |

മുൻവർഷങ്ങളിൽ ജില്ലാ -ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച സംയുക്ത പ്രൊജക്റ്റുകൾക്കുവേണ്ടി ലഭിച്ച ഫണ്ട് പഞ്ചായത്തിന്റെ ജോയിന്റ് വെൻച്വർ അക്കൗണ്ടിൽ 01.04.2020ൽ മുന്നിരിപ്പായുണ്ടായിരുന്നു. അതിൽ നിന്ന് ചെലവഴിച്ച തുക കഴിച്ച് 31.03.2021ൽ ബാക്കി നിൽക്കുന്ന തുകയുടെ വിവരം താഴെപ്പറയുന്നു.

| | മുൻവർഷങ്ങളിലെ മുന്നിരുപ്പ് | 2019-20 വരവ് | | | ആകെ വരവ് (മുന്നിരുപ്പ് + തൻവർഷം) | ചെലവ് | | | ആകെ ചെലവ് (I-6 പ്രകാരം) | നീക്കിയിരുപ്പ് | |
|---|---|---|---|---|---|---|---|---|---|---|---|
| | | RP-31 | RP-7 | ആകെ തൻവർഷം വരവ് | | TSB A/C ൽ നിന്ന് ചെലവഴിച്ചത് | നേരിട്ട് ചെലവഴിച്ചത് RP-7 | ആകെ ചെലവ് | | അക്കൗണ്ടിൽ നിന്ന് ചെലവഴിച്ചതിൽ ബാക്കി B4ഷെഡ്യൂൾ പ്രകാരം | നേരിട്ട് ചെലവഴിച്ചത് ബാക്കി |
| ബ്ലോക്ക് പഞ്ചായത്ത് | 1442180 | 1200000 | 425000 | 1625000 | 3067180 | 2610000 | 425000 | 3035000 | 3035000 | 32180 | 0 |
| ജില്ലാ പഞ്ചായത്ത് | 0 | 0 | 580000 | 580000 | 580000 | 0 | 580000 | 580000 | 580000 | 0 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ / തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | തെരുവു വിളക്ക് സ്ട്രീറ്റ് ലൈൻ വലിക്കൽ-224/21 | 22000904/ 09-11-2020 | 106908 | 0 | 106908 |
| | ആകെ | | 106908 | | 106908 |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-077/2021 | 21000904/ 18-03-2021 | 1000000 | 0 | 1000000 |
| | ആകെ | | 1106908 | | 1106908 |

മുൻവർഷങ്ങളിലെയും, 2020-2021 സാമ്പത്തിക വർഷം നിക്ഷേപിച്ചതും ഉൾപ്പെടെ KSEB-യിൽ 41,91,613/-രൂപയും, KWAയിൽ 31,76,000/- രൂപയും 31/03/2021 ൽ ചെലവഴിക്കാൻ ബാക്കിയുള്ളതായി ബാലൻസ് ഷീറ്റിൽ നീക്കിയിരുപ്പുണ്ട്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് കെ.യു.ആർ.ഡി.എഫ്.സി.വായ്പയിനത്തിൽ വരവില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | കെ.യു.ആർ.ഡി. എഫ്.സി.ലോൺ | സ.ഉ.(എം.എസ്) നം 68/2018 /തസ്വഭവ തീയതി 18.05.18 | 90,60,000 | 64,38,235 | 9,22,235 | - | 55,16,000 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ഈ വർഷം വരവില്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-2 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | ഏതാനും സ്ഥാപനങ്ങളുടെ ഒഴികെ തൊഴിൽ നികുതി പിരിച്ചിട്ടുണ്ട് |
| 2018-19 | 1-16 | 2019-20 | 4 | നക്ഷത്ര തടാകം കാർണിവൽ 2018 സർക്കാർ അനുമതിയില്ലാതെ ഏറ്റെടുത്ത് നടത്തി – നടത്തിപ്പിൽ ഗുരുതര അപാകതകൾ | സർക്കാർ സാധൂകരണത്തിനായുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>നിലവിൽ ഈ പരാമർശം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ ആണ്. അക്കൗണ്ട്സ് കമ്മിറ്റിയുടെ പ്രാഥമിക തെളിവെടുപ്പ് 22/09/2021 ാം തീയതി നടന്നിട്ടുള്ളതാണ്. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,50,01,555 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,00,75,631 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 16,08,488 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 1,06,908 | ശ്രീമതി കെ.ഒ.മേഴ്സി,<br>സെക്രട്ടറി |
| | 10,00,000 | ശ്രീ. ശ്രീകുമാർ സി.പി.,<br>അസി. സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്) |
| 1-27 | 1,24,949 | ഡോ. ഷൈമാ സലീം<br>മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 1-28 | 3,76,631 | ശ്രീമതി.ലില്ലി കെ.വി.<br>ഹെഡ് മിസ്ട്രസ്സ്, ഗവ. എൽ.പി.എസ്. |
| ആകെ | 16,08,488 | |

(സി)- കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

| ഖണ്ഡിക നം. | തുക |
|---|---|
| 1-19 | 33525/- |

(ഡി.) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ .

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി.കെ.ഒ.മേഴ്സി സെക്രട്ടറി | സെക്രട്ടറി, മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്ത് | ഫ്ലാറ്റ് നം. 10/79 കാട്ടുതറ( വീട് ) ഫെഡറൽ സിറ്റി കരയാംപറമ്പ് എറണാകുളം |
| 2 | ഡോ. ഷൈമാ സലീം മെഡിക്കൽ ഓഫീസർ പി.എച്ച്.സി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | മൻസിൽ ഹൗസ് കളമശ്ശേരി എറണാകുളം |
| 3 | ശ്രീമതി.ലില്ലി കെ.വി. ഹെഡ് മിസ്ട്രസ്സ്. ഗവ. എൽ.പി.എസ്. | ഹെഡ് മിസ്ട്രസ്സ്. ഗവ. എൽ.പി.എസ്. | ആട്ടോക്കാരൻഹൗസ് കൊറ്റമം , നീലീശ്വരം പി.ഒ. എറണാകുളം |
| 4 | ശ്രീ. ശ്രീകുമാർ സി.പി. അസി. സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്) | റിട്ടയേർഡ് | ചെറുപറമ്പിൽ ഹൗസ് നീലീശ്വരം പി.ഒ. മലയാറ്റൂർ, എറണാകുളം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ/തീയതി |
|---|---|
| 1995-96 | എൽ.എഫ്.ഇ.പി-5 -1919/07/11.02.2009 |
| 1996-97(ചെലവ്) | എൽ.എഫ്.ഇ.പി-3-1158/97/28.01.2009 |
| 1997-98(ചെലവ്) | എൽ.എഫ്.ഇ.പി-4-281/19.10.2000 |
| 1998-99(ചെലവ്) | എൽ.എഫ്.ഇ-പി4-859/2005 06.12.2006 |
| 1998-99 | എൽ.എഫ്.ഇ-പി-4-1922/2007/18.09.2008 |
| 1999-00 | എൽ.എഫ്.ഇ-പി4-1923/2007/18.09.2008 |
| 2000-01 | എൽ.എഫ്.ഇ-പി-4-1770/2008/07.12.2009 |
| 2001-02 | എൽ.എഫ്.ഇ-പി-4-1382/2003/03.06.2003 |
| 2002-03 | എൽ.എഫ്.ഇ-പി-4-234/2007/13.11.2007 |
| 2003-04 | എൽ.എഫ്.ഇ-പി-4-1771/08/07.12.2008 |
| 2004-05 | എൽ.എഫ്.ഇ-പി-4-1772/08/07.12.2008 |
| 2008-09 | എൽ.എഫ്.ഇ-പി-4-1661/2009/16.03.2010 |
| 2007-08,2009-10, 2010-11 | എൽ.എഫ്.ഇ-പി-4-1399/12 /09.11.2012 |
| 2011-12 | എൽ.എഫ്.ഇ-പി-4- 645/13 /29.05.13/13.06.13 |

| | |
|---|---|
| 2012-13, 2013-14 | എൽ.എഫ്.ഇ-പി-4- 1903/14/ 30.12.14 |
| 2014-15 | കെ.എസ്.എ(ഇ കെ എം)പി4- 1351/16/ 04.08.16. |
| 2015-16 | കെ.എസ്.എ.ഇ കെ എം(പി4) 8/2017/25.01.2017 |
| 2016-17 | കെ.എസ്.എ.ഇ കെ എം(പി4) 1909/2017/03.11.2017 |
| 2017-18 | കെ.എസ്.എ.ഇ കെ എം(പി4) 148/2019/12.03.2019 |
| 2018-19 | കെ.എസ്.എ.ഇ കെ എം(പി4) 244/2020/16.03.2020 |
| 2019-20 | കെ.എസ്.എ.ഇ കെ എം(പി4) 131/2022 / 28.02.2022 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ല

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മലയാറ്റൂർ നീലേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്